(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി3/781/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20
ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in
തീയതി : 11.09.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം :കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ./പി3/781/2020 തീയതി 11.09.2020

## കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10-11-2018 മുതൽ 10.07.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24ഓഡിററ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിററ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും,വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.07.2020 മുതൽ<br>30.07.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ പി ഹരി<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി. ഷൈന.എ.കെ.<br>അസി. ഓഡിറ്റ് ഓഫീസർ |
| | |

| | |
|---|---|
| | ശ്രീമതി. ജിഷ സാമുവല്‍<br>അസി. ഓഡിറ്റ് ഓഫീസര്‍ |
| | ശ്രീ.ജയന്‍<br>സീനിയര്‍ ഗ്രേഡ്ഓഡിറ്റര്‍ |
| | ശ്രീ അഫ്സല്‍ ടി എം<br>ഓഡിറ്റര്‍ |

(ബി) നിര്‍വ്വഹണാധികാരികള്‍

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി. അപ്പുക്കുട്ടന്‍ | 01.04.2018മുതല്‍<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. എന്‍. ആര്‍.<br>രാധിക | 01.04.2018മുതല്‍<br>31.03.2019വരെ |
| നിര്‍വ്വഹണ ഉദ്യോഗസ്ഥര്‍ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയര്‍ | ശ്രീമതി.ബിസിനി | 1.4.2018മുതല്‍<br>18.06.2018 വരെ |
| | ശ്രീമതി.ഷീജ സി | 19.06.2018 മുതല്‍<br>31.3.2019 വരെ |
| ഡയറി ഫാം ഇന്‍സ്ട്രക്ടര്‍ | ശ്രീമതി.പി.എം.<br>റുമൈസ | 1.4.2018മുതല്‍<br>31.3.2019വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.പുഷ്പലത.കെ.വി. | 1.4.2018മുതല്‍<br>31.05.2018വരെ |
| | ശ്രീ സുധാകരന്‍ | 1.06.2018മുതല്‍<br>18.06.2018വരെ |
| | ശ്രീ ശശികുമാര്‍.കെ.വി | 19.06.2018മുതല്‍<br>31.03.2019വരെ |
| കൃഷി ഓഫീസര്‍ | ശ്രീമതി.സ്വപ്ന | 1.4.2018മുതല്‍<br>31.3.2019വരെ |
| വെറ്ററിനറി സര്‍ജ്ജന്‍ | ഡോ.കെ.എസ്.സജി | 1.4.2018മുതല്‍<br>10.06.2018വരെ |
| | ഡോ വിനീഷ് | 11.6.2018മുതല്‍<br>17.06.2018വരെ |
| | ഡോ ജെസ്സി വി | 18.6.2018മുതല്‍<br>31.03.2019വരെ |
| മെഡിക്കല്‍ ഓഫീസര്‍<br>(ആയുര്‍വേദം) | ഡോ.ബിന്ദു ജോസഫ് | 01.4.2018മുതല്‍<br>31.3.2019 വരെ |
| മെഡിക്കല്‍ ഓഫീസര്‍ | ഡോ.ജിഷ.എന്‍. | 01.4.2018 മുതല്‍ |

| | | |
|---|---|---|
| ( ഹോമിയോ ) | | 31.3.2019 വരെ |
| വി. ഇ. ഒ | ശ്രീമതി.അനുലിബ | 01.04.2018മുതൽ 31.01.2019 വരെ |
| ഐ. സി. ഡി. എസ് സൂപ്പർവൈസർ | ശ്രീമതി.പി.ജ്യോതി ലക്ഷ്മി | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ ( പി. എച്ച്. സി ) | ഡോ.സി.ഉണ്ണികൃഷ്ണൻ | 1.4.2017മുതൽ 27.06.2018 വരെ |
| | ഡോ സുജ | 28.6.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.നിഷാന്ത്.ആർ. | 01.04.2018 മുതൽ 31.3.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം. | 1-3 |
| 4 | ക്യാഷ് പരിശോധന | 1-4 |
| 5 | ആഭ്യന്തര നിയന്ത്രണം | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 7 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ. | 1-7 |
| 8 | ഫ്രന്റ് ഓഫീസ് കലക്ഷൻ - ബാങ്കിൽ അടവാക്കാതെ കൈവശം വെച്ചത്-സംബന്ധിച്ച് | 1-8 |
| 9 | ഏഫ് ടി ഇ എ&ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് | 1-9 |
| 10 | സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതിഈടാക്കുന്നില്ല. | 1-10 |

| | | |
|---|---|---|
| 11 | സ്വകാര്യവ്യക്തിയുടെ തെങ്ങ് മുറിച്ച് മാറ്റിയതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു-തുക തിരികെ ഈടാക്കിയില്ല | 1-11 |
| 12 | മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് സമ്മതപത്രം ലഭിച്ച തുക പിൻവലിച്ച് അടവാക്കിയില്ല | 1-12 |
| 13 | പ്ലാസ്റ്റിക്ക് മാലിന്യം നീക്കം ചെയ്യുന്നതു സംബന്ധിച്ച സമ്മതപത്രം ലഭ്യമാക്കിയില്ല | 1-13 |
| 14 | ഇക്കോഷോപ്പ് നിർമ്മാണത്തിലെ അപാകതകൾ | 1-14 |
| 15 | ടെണ്ടർ നടപടികൾ - പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം സംരക്ഷിക്കും വിധമുള്ള ഇടപെടലുകളില്ല | 1-15 |
| 16 | കമ്മ്യൂണിറ്റി കളക്ഷൻ വിപുലീകരണം - പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ അപാകതകൾ | 1-16 |
| 17 | എഗ്രിമെന്റിലേർപ്പെട്ട് ഒരു വർഷത്തിന ശേഷം പ്രവൃത്തി നടത്തി -കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല | 1-17 |
| 18 | ബഡ്സ് സ്കൂൾ നവീകരണം - ചെയ്ത പ്രവൃത്തികളിൽ അവ്യക്തത | 1-18 |
| 19 | ബഡ്സ് സ്കൂൾ നടത്തിപ്പ് - സ്പിൽഓവർ പദ്ധതിയിൽ നിന്ന് തൻ വർഷത്തെ ചെലവ് നടത്തുന്നു | 1-19 |
| 20 | ഗുണഭോക്താക്കൾ ഇല്ലാത്ത പദ്ധതികൾ തയ്യാറാക്കി ഫണ്ട് പാഴാക്കുന്നു | 1-20 |
| 21 | പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |
| 22 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല | 1-22 |
| 23 | പരാതികളിൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല. | 1-23 |
| 24 | ഹരിത കർമ്മസേന നിലവിലിരിക്കെ പഞ്ചായത്തിലെ വിവിധ ബസാറുകൾ ശുചീകരിച്ചതിന് വിവിധ ശുചിത്വകമ്മിറ്റികൾക്ക് തുക നൽകി | 1-24 |
| 25 | എസ്.എസ്.എ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിക്കുന്നില്ല | 1-25 |
| | | |

| | | |
|---|---|---|
| 26 | വെള്ളക്കരം അധികം അടവാക്കിയ തുക ക്രമീകരിക്കുന്നതിനും കുടിശ്ശിക ,പലിശ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം | 1-26 |
| 27 | ശമ്പളപരിഷ്കരണ കുടിശ്ശിക നൽകി-ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല-രേഖകൾ ലഭ്യമാക്കിയില്ല | 1-27 |
| 28 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും മുഴവൻ തുകയ്ക്കും സ്റ്റേഷനറി സാധങ്ങൾ ലഭിച്ചില്ല | 1-28 |
| | ഭാഗം - 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം - 3 | |
| | ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 29 | സ്വകാര്യ വ്യക്തിയുടെ തെങ്ങ് മുറിച്ച് മാറ്റിയതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു-തിരികെ ഈടാക്കിയില്ല | 3-1 |
| 30 | കമ്മ്യൂണിറ്റി കളക്ഷൻ വിപുലീകരണം - പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ അപാകത കാരണം അധിക ചെലവ് | 3-2 |
| 31 | ഇക്കോഷോപ്പ് നിർമ്മാണത്തിലെ അപാകതകൾ | 3-3 |
| | ഭാഗം - 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 33 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 36 | സ്ഥിര നിക്ഷേപം | 4-5 |
| | | |

| | | |
|---|---|---|
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | വായ്പ / വായ്പാതിരിച്ചടവ് | 4-7 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 40 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം | 4-9 |
| 41 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-10 |
| 42 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-11 |
| 43 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | അനുബന്ധം - 1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 07-03-2018 തീയതിയിലെ 71(18) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16538368 | 16538368 | 13510909 | 3027459 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7963000 | 7963000 | 6522294 | 1440706 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 60000 | 60000 | 0 | 60000 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5020000 | 5020000 | 4932504 | 87496 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3443000 | 3443000 | 3427104 | 15896 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9636892 | 9636892 | 7675753 | 1961139 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 16589417 | 16589417 | 16589417 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 5655 | 714572 | 720227 | 654741 | 65486 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 975429 | 3038225 | 4013654 | 3427988 | 585666 |
| | ജില്ലാ പഞ്ചായത്ത് | 2074596 | 1731725 | 3806321 | 2838872 | 967449 |

എം.ജി.എൻ.ആർ.ഇ.ജി.എസ്, ജോയിന്റ് വെഞ്ചർ അക്കൗണ്ട് എന്നിവ ഒഴികെയുള്ള ഫണ്ടുകളിലെ നീക്കിയിരിപ്പ് വർഷാവസാനം ലാപ്സായിട്ടുണ്ട്.

## 1-3 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | ആകെ അടങ്കൽ | ആകെ ചെലവ് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 153 | 12 | 32 | 118908270 | 59015044 | 49.63 |

## 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2020 ന് സ്ഥാപനതലവന്റെ/ ഉത്തരവാദപ്പെട്ട

ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50481/- രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

# 1-5 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കാൻ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതായി കാണുന്നു.

ചെക്ക്&ഡ്രാഫ്ററ് രജിസ്ററർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്) ന് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പൂർണമല്ല. വിവിധ പെൻഷൻ പദ്ധതികളുടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.പഞ്ചായത്തിൽ ലഭിക്കുന്ന പരാതികളിൽ തുടർ നടപടി സ്വീകരിക്കുന്നില്ല (ഭാഗം 1 പാര 1-23 കാണുക). ഫ്രന്റ് ഓഫീസ് കലക്ഷൻ അതെ ദിവസം തന്നെയോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പൂർണമായും ബാങ്ക്/ട്രഷറിയി അകൌണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഇക്കാര്യം ഉറപ്പ് വരുത്തുന്നതിൽ വീഴ്ച്ച സംഭവിച്ചിട്ടുണ്ട്. ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ അയയ്ക്കുന്ന കത്തിന്റെ വിവരങ്ങളോ ചെലവഴിക്കുന്ന സ്റ്റാമ്പിന്റെ തുകയോ രേഖപ്പെടുത്തുന്നില്ല.

പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ തോട്ടടുത്ത മാസം 5 തിയതിക്ക് മുമ്പായി നടത്തി 10 തിയതിക്കകം ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിക്ക് മുമ്പാകെ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

# 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24/01/2019 | 12/18 വരെ | A2/526/19 DT24-01-2019 |
| | | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2009-10 | 2009 മുതൽ 10 വരെ | LBA.(HQ)/V/ 8A-1694/157 DTD 26/03/2013 |

# 1-7 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

<u>ന്യൂനതകളുടെ സംഗ്രഹം</u>

കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഇനിയും പരിഹരിക്കാതെ അവശേഷിക്കുന്ന അപാകതകൾ.

1. ബാലൻസ് ഷീറ്റിലെ ബി.3 ഷെഡ്യൂൾ പ്രകാരം Capital contribution എന്ന ഇനത്തിലുള്ള നീക്കിയിരുപ്പ് 4,79,92,239/- രൂപയാണ്. ഇത് B-11, B-11(a) എന്നീ തുകകളുടെ ആകെ തുകയായിരിക്കേണ്ടതാണ്.

| | |
|---|---|
| B-11 | 6,73,94,475 + |
| B-11(a) | 26,01,159 |
| | = <u>6,99,95,634</u> |
| വ്യത്യാസം (B3 – (B11+B11(a) | 4,79,92,239 – 6,99,95,634<br>= 2,20,03,395 രൂപ. |

മെയിന്റനൻസ് ഗ്രാന്റ് / തനത് ഫണ്ട് എന്നിവ ആസ്തി ആർജ്ജിക്കുന്നതിന് ഉപയോഗിച്ചെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2. തൻവർഷം ഡെപ്പോസിറ്റ് ഇനത്തിലുള്ള ബാലൻസ് തുക 5,07,502/- രൂപയാണ്. എന്നാൽ ഇത് വാർഷിക കണക്കിലെ മറ്റ് ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ഡെപ്പോസിറ്റ് നീക്കിയിരിപ്പ് (2017-18) | 5,00,351 |
| തൻവർഷ വരവ് (RP)-34 | 195090 |
| ആകെ | 6,95,441 |
| തൻവർഷ ചെലവ് (RP 34) | 3,73,294 |
| ബാക്കി | 3,22,147 |

തൻവർഷം 1,09,875/- രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുമുണ്ട് (I-9)

2018-19 ൽ നീക്കിയിരിപ്പായി വരേണ്ടിയിരുന്ന തുക 2,12,272 (322147 – 109875)

3. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട ആസ്തികൾക്കാണ് ഡിപ്രീസിയേഷൻ നിയമാനുസൃതമായി കണക്കാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സമർപ്പിച്ച പട്ടിക പ്രകാരം ആകെ ഡിപ്രീസിയേഷൻ കണക്കാക്കിയത് 2,15,69,570 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഇത് (I-17(a) 17,66,604 രൂപയാണ് ബുക്ക് ചെയ്തിരിക്കുന്നത്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

4. സ്റ്റോക്കിന്റെ ആകെ മൂല്യം കണക്കാക്കി ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. സാംഖ്യ ആരംഭിക്കുന്നതിന് മുമ്പ് ആർജ്ജിച്ച ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-8 ഫ്രന്റ് ഓഫീസ് കലക്ഷൻ - ബാങ്കിൽ അടവാക്കാതെ കൈവശം വെച്ചത്-സംബന്ധിച്ച്

24/06/2020 ന് പഞ്ചായത്ത് ഫ്രന്റ് ഓഫീസിൽ കലക്ഷൻ തുകയായി ലഭിച്ചത് ഡേ ബുക്ക് പ്രകാരം 16622/- രൂപയായിരുന്നു. എന്നാൽ അതേ ദിവസം ബാങ്കിൽ അടവാക്കിയത് 14622/- രൂപ മാത്രമായിരുന്നു. 2000/- രൂപ കുറവായാണ് അടവാക്കിയത്. 13/07/2020 ന് ഓഡിറ്റ് ഇക്കാര്യം ചൂണ്ടിക്കാണിച്ചതിന് ശേഷമാണ് അടവാക്കാൻ ബാക്കിയുള്ള 2000/- ബാങ്കിൽ അടവാക്കിയത് .

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ റൂൾ 23 പ്രകാരം 500/- രൂപയിൽ അധികരിക്കുന്ന ഏതൊരു തുകയും അതെ ദിവസം തന്നെയോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്ക്/ട്രഷറിയി അകൌണ്ടിൽ നിക്ഷേപിക്കേണ്ടതാണ് ഇത് പാലിക്കാതെ പണം കൈവശം വെച്ചത് വീഴ്ച്ചയായി

ഓഡിറ്റ് കാണുന്നു.

പഞ്ചായത്തിൽ ലഭിക്കുന്ന പണം ബാങ്ക്/ട്രഷറിയി ചട്ട പ്രകാരം അക്കൗണ്ടിൽ നിക്ഷേപിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതും, ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-9 എഫ് ടി ഇ എ&ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

1)കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനൊ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1)ം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം) താഴെ ചേർക്കുന്നു.

| | |
|---|---|
| 100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | 2248 |
| 100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് | 91 |
| 200 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ള | 45 |
| ഷോപ്പിങ് മാളുകൾ | |
| വാണിജ്യം, ബങ്കുകൾ, കമ്പ്യൂട്ടർ സെന്റർ | 1 |
| വ്യവസായിക ആവശ്യത്തിനുള്ളത് | 40 |
| | |

| | |
|---|---|
| ഇതര വ്യവസായത്തിനുള്ളത് | 84 |
| ആകെ | 2509 |
| വേക്കൻസി റമിഷൻ | 41 |

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2509 കെട്ടിടങ്ങൾ ഉണ്ട്, അതിൽ . 41കെട്ടിടങ്ങൾക്ക് മാത്രമേ വാക്കൻസി റമിഷൻ മൂലം നികുതിയിളവ് അനുവദിച്ചിട്ടുള്ളൂ. തൻവർഷം 491 പേർ മാത്രമാണ് ഏഫ് ടി ഇ എ&ഒ എസ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യം ഇതു വരെയും പരിശോധിച്ചിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്

2)തൻവർഷം ട്രേഡേർസ് ലിസ്റ്റ് തയാറാക്കുന്നതിന് 4250 രൂപ ഡാറ്റാ എൻട്രി ഓപറേറ്റർക്ക് നൽകിയിട്ടുണ്ട് (വൗച്ചർ നം 21800247/18-06-18). എന്നാൽ തയാറാക്കി ഓഡിറ്റിന് സമർപ്പിച്ച ട്രേഡേർസ് ലിസ്റ്റ് പൂർണമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ, പഞ്ചായത്തിലെ മുഴുവൻ വാണിജ്യ വ്യാപാര സ്ഥാപനങ്ങളോടും ലൈസൻസ് എടുക്കുന്നതിനും, ട്രേഡേർസ് ലിസ്റ്റ് പൂർണമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരികയായിരുന്നുവെന്നും, കോവിഡ് കാരണം ഈ നടപടികൾ താൽകാലികമായി നിർത്തിവെച്ചതാണെന്നും, കോവിഡ് ഭീഷണി തീരുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-10 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും

സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് | 450546 |
| പൊതു ടാപ്പുകൾ | 192500 |
| ആകെ | 643046 |

സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-11 സ്വകാര്യവ്യക്തിയുടെ തെങ്ങ് മുറിച്ച് മാറ്റിയതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു-തുക തിരികെ ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 238(1) പ്രകാരം ഏതെങ്കിലും വൃക്ഷം അപകടമുണ്ടാക്കുന്നുവെന്ന് പഞ്ചായത്ത് കരുതുന്ന പക്ഷം, ആയത് മുറിച്ച് മാറ്റുവാൻ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും സത്വര നടപടി ആവശ്യമാണെങ്കിൽ പഞ്ചായത്തിന് സ്വയമേ അത് നീക്കം ചെയ്യാവുന്നതും ആയതിന്റെ ചെലവ് വൃക്ഷത്തിന്റെ ഉടമസ്ഥനിൽ നിന്ന് ഈടാക്കേണ്ടതുമാണ്. ശ്രീ.ബാലൻ വേട്ടുപുരയ്ക്കൽ എന്നവരുടെ വീടിന് ഭീഷണിയായി നിന്നിരുന്ന ശ്രീ.ഭാസ്കരൻ വേട്ടുപുരയ്ക്കൽ

എന്നവരുടെ രണ്ട് തെങ്ങുകൾ മുറിച്ച് മാറ്റിയതിന് തനത് ഫണ്ടിൽ നിന്നും 4500/- രൂപ ചെലവഴിച്ചു. (വൗച്ചർനം.21800582 തീയതി 19.09.2018). എന്നാൽ ഈ തുക തെങ്ങിന്റെ ഉടമയിൽ നിന്നും ഈടാക്കിയില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.11/2018-19 തീയതി 27.07.2020-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ തുക ഈ കാലയളവിലെ സെക്രട്ടറിയിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്.

# 1-12 മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് സമ്മതപത്രം ലഭിച്ച തുക പിൻവലിച്ച് അടവാക്കിയില്ല

സ.ഉ(പി) നം.144/2018/ധനം തീയതി 11.09.2018 പ്രകാരം മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ ജീവനക്കാരുടെ 2018 സെപ്തംബർ മാസത്തെ ഗ്രോസ്സ് സാലറി അടവാക്കുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ശ്രീ. ഷൈജു. പി.പി സീനിയർ ക്ലാർക്ക്, 2018 ആഗസ്ത് മാസം തന്റെ ശമ്പളത്തിൽ നിന്നും പ്രളയദുരിതാശ്വാസ ഫണ്ടിലേക്ക് അടച്ച തുക കഴിച്ച് ബാക്കി വരുന്ന തുക തന്റെ ജിപിഎഫ് -ൽ നിന്നും ടിഎ/എൻ.ആർ.എ ആയി പിൻവലിച്ച് പ്രളയദുരിതാശ്വാസ നിധിയിലേക്ക് അടവാക്കാൻ 22.09.2018 -ന് സമ്മതപത്രം നൽകി.

കുരുവട്ടൂർ പഞ്ചായത്ത് ഓഫീസിലെ മറ്റൊരു സീനിയർ ക്ലാർക്ക് ആയ ശ്രീ.രൂപേഷ് ടി.കെ എന്നവർ 2018 ആഗസ്ത് മാസം തന്റെ ശമ്പളത്തിൽ നിന്നും പ്രളയദുരിതാശ്വാസ ഫണ്ടിലേക്ക് അടച്ച തുക കഴിച്ച് ബാക്കി വരുന്ന തുക തന്റെ പേ-റിവിഷൻ അരിയറിൽ നിന്ന് പ്രളയദുരിതാശ്വാസ നിധിയിലേക്ക് അടവാക്കാൻ 22.09.2018 -ന് സമ്മതപത്രം നൽകി

എന്നാൽ ഡ്രോയിംഗ് ഓഫീസറായ സെക്രട്ടറി മേൽ സമ്മത പത്രങ്ങൾ പ്രകാരം തുക പിൻവലിച്ച് അടവാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.06/2018-19 തീയതി 27.07.2020-ന് മറുപടി ലഭ്യമാക്കിയില്ല. സമ്മതപത്രം പ്രകാരം തുക പിൻവലിച്ച് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 പ്ലാസ്റ്റിക്ക് മാലിന്യം നീക്കം ചെയ്യുന്നതു

## സംബന്ധിച്ച സമ്മതപത്രം ലഭ്യമാക്കിയില്ല

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യം വെസ്റ്റ്ഹില്ലിലെ ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്ക് നീക്കം ചെയ്യുന്നതിനായി 25000/- രൂപ തനത് ഫണ്ടും 3,90,000/- രൂപ യൂസേഴ്സ് ഫീയും ഉൾപ്പെടുത്തി പ്രൊജക്ട് നം.164/18-19 രൂപീകരിച്ചു. ഈ പദ്ധതിയിൽ 2018-19-ൽ വെസ്റ്റ്ഹില്ലിലേക്ക് പ്ലാസ്റ്റിക്ക് മാലിന്യം കൊണ്ടുപോയ വകയിൽ തനത് ഫണ്ടിൽ നിന്നും 17,800/-രൂപ ചെലവഴിച്ചു (വൗച്ചർ നം.21801196 – തീയതി 11.03.2019-15,000/-, വൗച്ചർ നം.21801198 – തീയതി 11.03.2019-2,800/-). മാലിന്യം നീക്കം ചെയ്യലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങളിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം.08/2018-19 തീയതി 27.07.2020ന് മറുപടി ലഭ്യമാക്കിയില്ല.

1. മാലിന്യം നീക്കം ചെയ്യുന്നതിനായി ഹരിതകർമ്മസേനയ്ക്ക് തുക നൽകുന്നുണ്ടെന്നിരിക്കെ വെസ്റ്റ്ഹില്ലിലെ ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്ക് മാലിന്യം കൊണ്ടുപോയതിന് ശ്രീ.സുരേന്ദ്രൻ പെരുന്തലേരി എന്നവർക്ക് വാഹന വാടകയിനത്തിൽ 15,000/-രൂപയും മുരളി, നങ്ങോറ എന്നവർക്ക് കയറ്റിറക്ക് കൂലിയിനത്തിൽ 2800/-രൂപയും നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഹരിതകർമ്മ സേനയുമായി പഞ്ചായത്ത് ഏർപ്പെട്ട കരാർ ഓഡിററിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
2. പഞ്ചായത്ത് പരിധിയിലെ അജൈവമാലിന്യം കോർപ്പറേഷൻ പരിധിയിലേക്ക് കൊണ്ടു പോകുന്നതിനും കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതും നിറവ് വേങ്ങേരി പരിപാലിക്കുന്നതുമായ വെസ്റ്റ്ഹില്ലിലെ അജൈവമാലിന്യ സംസ്കരണ കേന്ദ്രത്തിൽ സംസ്കരിക്കുന്നതിനും പഞ്ചായത്ത് കോർപ്പറേഷന്റെ അനുമതി വാങ്ങിയിട്ടുണ്ടോ. ഉണ്ടെങ്കിൽ ആയത് ഓഡിററിന് ഹാജരാക്കേണ്ടതാണ്.

## 1-14 ഇക്കോഷോപ്പ് നിർമ്മാണത്തിലെ അപാകതകൾ

നിർവ്വഹണം: അസി.എഞ്ചിനീയർ

അടങ്കൽ : 325292/- ധനകാര്യകമ്മീഷൻ ഗ്രാന്റ് - 285292/-

തനതുഫണ്ട് - 40000/-

ചെലവ് : 285292/- ബിൽ നമ്പർ 22/18-19/24.11.18

2018-19 വർഷത്തിൽ നിർമ്മാണം നടത്തിയ ഇക്കോഷോപ്പ് നേരിൽ പരിശോധിച്ചതിലും, ബന്ധപ്പെട്ട ഫയലിലും താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- ടെണ്ടർ നടത്തി പ്രവൃത്തി ഏൽപ്പിച്ച കരാറുകാരനുമായി 14.6.2018 ലെ എ.ഇ./2/18-19 നമ്പർ പ്രകാരമാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. അളവു പുസ്തകം നമ്പർ 163/16-17 പരിശോധിച്ചതിൽ അതേ ദിവസം തന്നെ ഒന്നാമത്തെ ഇനം പ്രവൃത്തിയുടെ (മണ്ണിന്റെ എസ്കവേഷൻ) അളവ് അസി.എഞ്ചിനീയർ മെഷർ ചെയ്ത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നും കരാറിലേർപ്പെടുന്നതിനു മുമ്പേ പ്രവൃത്തികൾ ആരംഭിച്ചതായി അനുമാനിക്കാം.
- എം.ബുക്ക് പേജ് 12 പ്രകാരം ട്രസ് വർക്കിനായി ഉപയോഗിച്ച സ്റ്റീലിന്റെ അളവിൽ 2.2മീ., 2.8മീ. വീതം നീളമുള്ള 6 കോമ്മൺ റാഫ്റ്റർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി നേരിൽ പരിശോധിച്ചപ്പോൾ മേൽ അളവിനുള്ള നാലു റാഫ്റ്ററുകളാണ് നിർമ്മാണത്തിനു ഉപയോഗിച്ചിട്ടുള്ളതെന്ന് കണ്ടു. ഇതു പ്രകാരം 35 കി.ഗ്രാം സ്റ്റീലിന്റെ അളവ് കൂടുതലായി രേഖപ്പെടുത്തിയിട്ടുണ്ട്.

  അതായത്,

2 x 2.2 x 3.5 = 15.4

2 x 2.8 x 3.5 = 19.6

35കി.ഗ്രാം

അളവു പുസ്തകം 48/18-19പേജ് 11 ൽ ആകെ 305.77 കി.ഗ്രാം സ്റ്റീൽ ഉപയോഗിച്ചതിന് 123.87/- രൂപ നിരക്കിൽ 37875.72/- രൂപ നൽകിയതിൽ 4335.45 രൂപ ചെയ്യാത്ത പ്രവൃത്തിയ്ക്കാണ് നൽകിയതെന്ന് വ്യക്തമാണ്. തെറ്റായി അളവു രേഖപ്പെടുത്തി തുക നൽകാനുണ്ടായ സാഹചര്യവും, മുകളിൽ വിവരിച്ച രീതിയിൽ കരാറിലേർപ്പെടുന്നതിനു മുമ്പേ പ്രവൃത്തി ആരംഭിക്കാനുണ്ടായ സാഹചര്യവും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും, കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

# 1-15 ടെണ്ടർ നടപടികൾ - പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം സംരക്ഷിക്കും വിധമുള്ള ഇടപെടലുകളില്ല

2018-19 വർഷത്തിൽ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം സംരക്ഷിക്കും വിധം നിർവ്വഹണോദ്യോഗസ്ഥൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവരുടെ ശരിയാംവിധമുള്ള ഇടപെടലുകൾ ഉണ്ടാകുന്നില്ലെന്ന് വ്യക്തമാകുന്നു. തൻവർഷം 69 പുതിയ പ്രോജക്ടുകളാണ് അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്ത് ടെണ്ടർ ചെയ്തിരിക്കുന്നത്. ഇതിൽ 12 എണ്ണമാണ് ഇ-ടെണ്ടർ ചെയ്തിട്ടുള്ളത്.

ടെണ്ടർ നടപടികളിൽ പങ്കെടുത്തിട്ടുള്ള കരാറുകാരുടെ വിശദാംശങ്ങളും, ഇവർ രേഖപ്പെടുത്തുന്ന നിരക്കുകളും പരിശോധിച്ചാൽ ഭൂരിഭാഗം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് ഏറ്റെടുത്തിരിക്കുന്നതെന്നും, ഇവയിൽ മൂന്നിൽ രണ്ട് ഭാഗം പ്രവൃത്തികളും രണ്ടു കരാറുകാരാണ് ഏറ്റെടുത്തിരിക്കുന്നതെന്നും വ്യക്തമാകും. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം തൻവർഷം 69 പ്രവൃത്തികൾക്ക് കരാർ ചമച്ചിട്ടുണ്ട്. ഇതിൽ 42 പ്രവൃത്തികളും ഏറ്റെടുത്തിരിക്കുന്നത് ശ്രീ.റിത്തു.എം.വി (23 എണ്ണം), ശ്രീ.രത്നാകരൻ.കെ (19 എണ്ണം) എന്നീ കരാറുകാരാണ്. ഇതിൽ റിത്തു ഏറ്റെടുത്ത പ്രവൃത്തികളിൽ 14 എണ്ണവും, രത്നാകരൻ ഏറ്റെടുത്തതിൽ 12 എണ്ണവും എസ്റ്റിമേറ്റ് നിരക്കിലാണ്. മേൽ കരാറുകാർ കഴിഞ്ഞാൽ ടെണ്ടറുകളിൽ പങ്കെടുത്ത/പ്രവൃത്തി ഏറ്റെടുത്ത മറ്റു ചില കരാറുകാരുടെ വിശദാംശം ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| വിജീഷ് | 6 |
| ഭരതൻ | 3 |
| രവീന്ദ്രൻ | 2 |
| പുരുഷോത്തമൻ | 2 |
| മറ്റുള്ളവർ | 14 |

അതേ സമയം ഇ-ടെണ്ടർ ചെയ്ത 12 പ്രവൃത്തികൾ പരിശോധിച്ചാൽ മുഴുവൻ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ലഭിച്ചിരിക്കുന്നതെന്ന് കാണാം. മറ്റു ടെണ്ടറുകളെ അപേക്ഷിച്ച് കരാറുകാരുടെ പങ്കാളിത്തവും ഇ-ടെണ്ടറിൽ കൂടുതലാണ്. പങ്കെടുക്കുന്ന മുഴുവൻ കരാറുകാരും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നത്

ശ്രദ്ധേയമാണ്. ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 21% വരെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. ഇ-ടെണ്ടറിൽ 11 കരാറുകാരുടെ വരെ പ്രതിനിധ്യം ഉണ്ടായിട്ടുണ്ട്. മുകളിൽ വിവരിച്ച സ്ഥിരം കരാറുകാർക്ക് ഇ-ടെണ്ടറിൽ പ്രവൃത്തി ലഭിക്കുന്നത് വളരെ വിരളമായിട്ടാണെന്ന് കാണാം. 12 പ്രവൃത്തികളിൽ 4 എണ്ണത്തിൽ മാത്രമാണ് ശ്രീ.റിത്തുവിന് ഏറ്റവും താഴ്ന്ന നിരക്ക് രേഖപ്പെടുത്താനായത്. ശ്രീ.രത്നാകരന് ഒറ്റ പ്രവൃത്തി പോലും ലഭിച്ചിട്ടില്ലതാനും.

മറ്റു ടെണ്ടറുകളിൽ ഭൂരിഭാഗവും രണ്ടു കരാറുകാരുടെ പങ്കാളിത്തം മാത്രമാണുണ്ടാകുന്നത്. ഇതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കും, മറ്റെയാൾ കൂടുതൽ നിരക്കും രേഖപ്പെടുത്തും. എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ ആൾക്ക് പ്രവൃത്തി ഏൽപിച്ചു നൽകും. ഉദാഹരണമായി 10.1.2019 ൽ നടന്ന 7 പ്രവർത്തികളുടെ ടെണ്ടറിൽ രണ്ടു പേരാണ് പങ്കെടുത്തിട്ടുള്ളത്. ഇതിൽ എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ ഏൽപ്പിച്ചു നൽകി. 20.2.2019 ന് നടത്തിയ 5 പ്രവൃത്തികളുടെ കാര്യത്തിലും ഇതു തന്നെയാണ് സ്ഥിതി. സ്ഥിരം കരാറുകാരിൽ നിന്നും വ്യത്യസ്തമായി കൂടുതൽ കരാറുകാർ പങ്കെടുത്തിട്ടുള്ള ടെണ്ടറുകളിൽ നിരക്ക് എസ്റ്റിമേറ്റിനേക്കാൾ താഴ്ന്ന് വരുന്നതും ടെണ്ടർ രജിസ്റ്റർ പരിശോധിച്ചാൽ കാണാം. കൂടുതൽ കരാറുകാരുള്ള സന്ദർഭങ്ങളിൽ മേൽ സ്ഥിരം കരാറുകാർ വളരെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യാൻ സന്നദ്ധരായിട്ടുണ്ട്. ഇതിൽ നിന്നും വേണ്ടത്ര പരസ്യം ലഭിക്കാത്തതും, അല്ലെങ്കിൽ കൂടുതൽ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടി സ്വീകരിക്കാത്തതും ആയിരിക്കാം കുറഞ്ഞ നിരക്കിന്റെ അഭാവം സൃഷ്ടിക്കുന്നതെന്ന് അനുമാനിക്കുന്നു.

ഇതേ സമയം ആദ്യ ടെണ്ടറിൽ സിംഗിൾ ടെണ്ടർ മാത്രമേ ലഭിച്ചുള്ളൂവെന്ന കാരണത്താൽ എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്ക് ലഭിച്ച ടെണ്ടർ റദ്ദാക്കുകയും, പിന്നീട് നടത്തിയ റീടെണ്ടറിൽ ആദ്യം ലഭിച്ച നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ പ്രവൃത്തി ഏൽപ്പിച്ചു കൊടുക്കുന്ന സ്ഥിതി വിശേഷവും പഞ്ചായത്തിലുണ്ടാകുന്നു. ഉദാഹരണമായി ചെറുവറ്റ ഗ്രാമകേന്ദ്രം നവീകരണമെന്ന പ്രവൃത്തിക്ക് ആദ്യം 3.9% കുറഞ്ഞ നിരക്കിൽ ടെണ്ടർ ലഭ്യമായിരുന്നു. എന്നാൽ ഇത് റദ്ദാക്കി പിന്നീട് നടന്ന റീടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി മറ്റൊരു കരാറുകാരന് ഏൽപ്പിച്ചു.

മേൽ ഉദാഹരണങ്ങളിൽ നിന്നും പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം കണക്കിലെടുക്കാതെയുള്ള ടെണ്ടർ നടപടികളാണ് പഞ്ചായത്തിൽ നടന്നു വരുന്നതെന്ന് വ്യക്തമാണ്. ഇ-ടെണ്ടറുകൾ ചെയ്യുമ്പോൾ ലഭിക്കുന്ന കരാറുകാരുടെ കൂടിയ പ്രതിനിധ്യവും, കുറഞ്ഞ നിരക്കും പഞ്ചായത്തിലെ മുഴുവൻ പ്രവൃത്തികളും ഇ-ടെണ്ടർ ചെയ്യേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ടെണ്ടറുകളിൽ കരാറുകാരുടെ ഒത്തുകളിയുണ്ടാകുന്നുണ്ടോയെന്നത് പരിശോധനാ വിഷയമാക്കേണ്ടതും,

ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.

# 1-16 കമ്മ്യൂണിറ്റി കളക്ഷൻ വിപുലീകരണം - പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം : അസി.എഞ്ചിനീയർ

അടങ്കൽ : 200000/-സംസ്ഥാനാവിഷ്കൃതഫണ്ട്

ചെലവ് : 200000/- വൗച്ചർ നം.21801302, 03/26.03.2019

പറമ്പിൽ ബസാറിലുള്ള കമ്മ്യൂണിറ്റി കളക്ഷൻ സെന്റർ വിപുലീകരിക്കുന്നതിനാണ് ഈ പ്രോജക്ട്. നിലവിലുള്ള നിർമ്മിതിയുടെ മേൽക്കൂരയുടെ കുറച്ച് ഭാഗം പൊളിച്ച് മാറ്റുന്നതും, ഫൗണ്ടേഷനും ബേയ്സ്മെന്റും നിർമ്മിച്ച് ചുറ്റും ജി.ഐ.ചെയിൻ ലിങ്ക് ഫാബ്രിക് ഫെൻസിംഗ് ചെയ്യുന്നതിനുമാണ് പദ്ധതി. ഇതു പ്രകാരം ടെണ്ടർ ചെയ്ത് പ്രവൃത്തി നടത്തി. അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം 23.7.20 ന് നിർമ്മാണം നേരിൽ പരിശോധിച്ചപ്പോൾ താഴെ ചേർക്കുന്ന കാര്യങ്ങൾ ബോധ്യപ്പെടുകയുണ്ടായി.

- പറമ്പിൽ ബസാർ ബസ്സ്റ്റാന്റിൽ ആണ് ഈ നിർമ്മിതിയുള്ളത്. ആദ്യമുണ്ടായിരുന്ന നിർമ്മിതിയുടെ പല നിർമ്മാണങ്ങളും നീക്കം ചെയ്യാതെ ഇപ്പോഴും നിലനിൽക്കുന്നു. (പുതിയ നിർമ്മിതിയ്ക്ക് ഉപയോഗമില്ലാത്തവ)

- എസ്റ്റിമേറ്റിൽ ഫാബ്രിക് ഫെൻസിങ്ങിനായി ഉൾപ്പെടുത്തിയ ഐറ്റം 16.70.2 ആണ്. ഇതു പ്രകാരം വിവിധ വർണ്ണത്തിലുള്ള 5mm വരെ കനമുള്ള പി.വി,സി. കോട്ടഡ് ജി.ഐ. വയർ ഉപയോഗിച്ചുള്ള ചെയിൻ ലിങ്കാണ് ചെയ്യേണ്ടത്. എന്നാൽ യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നത് 16.70.1 പ്രകാരമുള്ള പി.വി.സി കോട്ട് ഇല്ലാത്തയിനം ചെയിൻ ലിങ്കാണ്.

- അളവ് പുസ്തകം നമ്പർ 123/18-19 പേജ് 4, 5 എന്നിവ പ്രകാരം ആകെ 64 ച.മീ. മേൽക്കൂരയുടെ ഷീറ്റും, 266.3കി.ഗ്രാം സ്റ്റീലും ഡിസ്മാന്റിൽ ചെയ്തിട്ടുണ്ട്. ഈ അളവ് സ്റ്റാക്ക് ചെയ്തതായി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 5 ച.മീ. ഷീറ്റ് പുതിയ നിർമ്മിതിയ്ക്ക് ഉപയോഗിച്ചതായി കാണിച്ച് ആകെ അളവിൽ കുറവ് വരുത്തിയിട്ടുണ്ട്. സ്റ്റീൽ പുതിയ നിർമ്മാണത്തിൽ ഉപയോഗിച്ചിട്ടില്ല. എന്നാൽ ഈ സ്റ്റീലിന്റെ സ്റ്റാക്ക് പരിശോധനയിൽ കണ്ടില്ല.

- എസ്റ്റിമേറ്റ് പ്രകാരം മേൽക്കൂരക്കായുള്ള സ്റ്റീൽ പ്രവൃത്തിയ്ക്ക് റെക്ടാൻഗുലാർ/സ്ക്വയർ ആകൃതിയിലുള്ള റ്റ്യൂബുലാർ പൈപ്പുകളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പർലിനായി ഉപയോഗിച്ച 6 പൈപ്പുകൾ മാത്രമാണ് സ്ക്വയർ ആകൃതിയിലുള്ളത്. ബാക്കിയുള്ളവ വൃത്താകൃതിയിലുള്ളതാണ്. 65mm വരുന്ന രണ്ടു പൈപ്പുകൾ പോസ്റ്റിനായി ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഒരെണ്ണത്തിന്റെ അളവു മാത്രമേ എം.ബുക്കിലുള്ളൂ. 50mm ഡയമീറ്ററിലുള്ള സ്റ്റീൽ പൈപ്പിന്റെ അളവു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ നിർമ്മാണത്തിനു പയോഗിച്ചിട്ടില്ല. കൂടാതെ 75mmx25mm അളവിലുള്ള സ്റ്റീൽ റെക്ടാൻഗുലാർ പൈപ്പ് ഉപയോഗിച്ചതായി രേഖപ്പടുത്തിയിട്ടുണ്ടെങ്കിലും, ഇവ പഴയ നിർമ്മിതിയുടെ ശേഷിപ്പുകളാണെന്ന് കാണാം. ഈ സ്റ്റീലുകൾ ഇപ്പോഴത്തെ നിർമ്മിതിയിൽ യാതൊരു പങ്കും വഹിക്കുന്നില്ലെന്നും വ്യക്തമാണ്. അതുകൊണ്ടു തന്നെ ഇവ പഴയ നിർമ്മിതിയാണെന്ന് അനുമാനിക്കാം.

പഴയനിർമ്മിതി സംബന്ധിച്ച് ആരാഞ്ഞതിൽ ഇത് 2017-18 വർഷത്തിൽ നിർമ്മിച്ചതാണെന്ന് വ്യക്തമായി. പ്രോജക്ട് നമ്പർ 264/18 പ്രകാരം 130000/- രൂപ വീതം തനതുഫണ്ടും, സംസ്ഥാനാവിഷ്കൃത ഫണ്ടും ഉപയോഗപ്പെടുത്തി 260000/- രൂപ അടങ്കലിൽ വിഭാവനം ചെയ്ത് 246047/- രൂപ ചെലവഴിച്ച് നിർമ്മിച്ചതാണിത്. ഈ നിർമ്മാണം പൂർത്തീകരിച്ചതിനു പിന്നാലെ അസൗകര്യങ്ങൾ കാണിച്ച് പൊളിച്ചു മാറ്റുന്നതിനും, സ്ഥലം കൂട്ടിയെടുക്കുന്നതിനും തൊട്ടടുത്ത വർഷത്തിൽ പദ്ധതിയാക്കിയത്. മുൻവർഷം ചെലവഴിച്ച തുകയിൽ ഭൂരിഭാഗവും ഇതു കാരണം പാഴ്ച്ചെലവായി. ഈ പ്രോജക്ടിന്റെ അളവു പുസ്തകം നമ്പർ 255/16-17 ലെ പേജ് 9, 10 എന്നിവ പ്രകാരം കളക്ഷൻ റൂം, സെഗ്രീഗേഷൻ റൂം എന്നിവയ്ക്കുള്ള പോസ്റ്റ്, വാൾ പ്ലേറ്റ് എന്നിവയ്ക്കായി 75mmx25mm അളവിലുള്ള സ്റ്റീൽ 196.5 കി.ഗ്രാം ഉപയോഗിച്ചതായി കാണാം. ഈ സ്റ്റീലിന്റെ അളവാണ് മുകളിൽ വിവരിച്ച പ്രകാരം പുതിയ നിർമ്മിതിയുടെ ഭാഗമായി വീണ്ടും അളവു പുസ്തകത്തിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാകുന്നു.(പേജ് 8, 9കാണുക)

മുകളിൽ വിവരിച്ച രീതിയിൽ നിർമ്മിച്ച് ഒരു വർഷത്തിനകം പൊളിച്ചു പുതിയത് നിർമ്മിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. കൂടാതെ തെറ്റായി അളവുകൾ രേഖപ്പെടുത്തിയതും, ചെയ്യാത്ത ഇനത്തിന്റെ (ഫെൻസിംഗ്) നിരക്കിൽ അധികതുക അനുവദിച്ചതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

മുകളിൽ വിവരിച്ച രീതിയിൽ 49.14ച.മീറ്ററിൽ ഫാബ്രിക് ഫെൻസിങ്ങ് നടത്തിയതിന് 816.16 രൂപ നിരക്കിൽ 40106/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

എന്നാൽ കരാറുകാരന് യഥാർത്ഥത്തിൽ അർഹമായത് ഐറ്റം 16.70.1 പ്രകാരമുള്ള പി.വി.സി കോട്ട് ഇല്ലാത്തയിനം ചെയിൻ ലിങ്കിന്റെ വിലയായ 770.93/- രൂപ നിരക്കിൽ 37883.5/-രൂപയാണ്. ഈയിനത്തിൽ 2223 രൂപ കരാറുകാരന് അധികം നൽകി. കൂടാതെ പഴയ നിർമ്മിതിയുടെ ഭാഗമായതും, പുതിയ നിർമ്മിതിയിൽ യാതൊരു പങ്കും വഹിക്കാത്ത 75mmx25mm അളവിലുള്ള സ്റ്റീൽ, 196.5 കി.ഗ്രാം ഉപയോഗിച്ചതായാണ് എം.ബുക്ക് 123/18-19 പേജ് 8, 9 എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സ്റ്റീലിന്റെ വിലയായ 23181/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുകയും കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഈ വിധത്തിൽ കരാറുകാരന് അധികം നൽകിയ ആകെ 25404/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതും, യഥാർത്ഥത്തിൽ ഉപയോഗിച്ച സ്റ്റീലിന്റെ അളവുകൾ കൃത്യമായി രേഖപ്പെടുത്തി തുക കണക്കാക്കി അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. 1,74,596 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-17 എഗ്രിമെന്റിലേർപ്പെട്ട് ഒരു വർഷത്തിനു ശേഷം പ്രവൃത്തി നടത്തി -കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല

നിർവ്വഹണം : അസി.എഞ്ചിനീയർ

കുമ്മങ്ങോട്ട് താഴം തെരുവത്ത് താഴം റോഡ് 2018-19 വർഷത്തെ പദ്ധതിയിൽ സ്പിൽഓവറായി ഉൾപ്പെട്ടതാണ്(പ്രോജക്ട് നമ്പർ 168/19). ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

- ഈ പദ്ധതിയുടെ ടെണ്ടർ 2017 മാർച്ച് മാസത്തിൽ നടന്നതും, കരാറുകാരനായ ശ്രീ.വിജീഷ് പി.ആർ.മായി 30.3.2017 ൽ കാരറിൽ ഏർപ്പെട്ടതുമാണ്.
- പ്രവൃത്തിയ്ക്കായി സൈറ്റ് കൈമാറിയതിന്റെ രേഖ ഫയലിലില്ല.
- അളവു പുസ്തകം നമ്പർ269/16-17 പ്രകാരം 8.4.2018 ന് മാത്രമാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. 1.6.2018 ന് പ്രവൃത്തി പൂർത്തീകരിച്ച് ബിൽതുക കണക്കാക്കുകയും ചെയ്തു.

കരാറിലേർപ്പെട്ട് ഒരു വർഷം (2017-18 വർഷം) യതൊരു പ്രവർത്തനങ്ങളും ചെയ്യാതിരുന്നിട്ടും നിർവ്വഹണോദ്യോഗസ്ഥൻ കാരണങ്ങൾ ആരായുകയോ, കരാറുകാരൻ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യങ്ങൾ

പഞ്ചായത്തിനെ അറിയിക്കുകയോ ചെയ്തിട്ടില്ല. വൈകി പൂർത്തീകരിച്ച പ്രവൃത്തിയ്ക്ക് ഈടാക്കേണ്ട പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല.

മേൽ വിവരിച്ച രീതിയിൽ പ്രവൃത്തി ഒരു വർഷത്തിലധികം നിർവ്വഹണം നടത്താതെ മുടങ്ങികിടന്നതിന്റെ കാരണവും, പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകാനുണ്ടായ സാഹചര്യവും വിശദീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിന് മറുപടി ലഭിച്ചില്ല.

# 1-18 ബഡ്സ് സ്കൂൾ നവീകരണം - ചെയ്ത പ്രവൃത്തികളിൽ അവ്യക്തത

നിർവ്വഹണം : അസി.എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 123/19

അടങ്കൽ : 950000/- 50000 – തനതുഫണ്ട്

900000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ചെലവ് : 863709/- വൗച്ചർ നം.21801025/30.01.2019

ബഡ്സ് സ്കൂളിൽ നിലവിലുള്ള സെപ്റ്റിക് ടാങ്ക് പൊളിച്ച് കോൺക്രീറ്റ് ടാങ്ക് നിർമ്മിക്കുന്നതിനും, വേസ്റ്റ് വാട്ടർ ടാങ്ക്, സ്റ്റേജ്, സ്കൂളിന്റെ ഒന്നാം നിലയിലേയ്ക്ക് റാമ്പ് എന്നിവ നിർമ്മിക്കുന്നതിനും തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. ഇ-ടെണ്ടർ നടത്തി കുറവ് നിരക്ക് ക്വാട്ട് ചെയ്ത റിത്തു എന്ന കാരറുകാരന് പ്രവൃത്തി ഏൽപ്പിച്ചു. എന്നാൽ വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ സെപ്റ്റിക് വേസ്റ്റ് നിറഞ്ഞ വെള്ളത്തിൽ നിന്ന് പ്രവൃത്തി ചെയ്യാൻ ആളെ കിട്ടുന്നില്ലയെന്നും, ആയതിനാൽ കോൺക്രീറ്റ് സെപ്റ്റിക് ടാങ്ക് ഒഴിവാക്കി പകരം പി.വി.സി.സെപ്റ്റിക് ടാങ്ക് ആക്കാനും, ഒന്നാം നിലയിലേയ്ക്കുള്ള റാമ്പ് എസ്റ്റിമേറ്റിലെ പ്രൊവിഷൻ വെച്ച് ചെയ്യാൻ പറ്റാത്തതിനാൽ ഒഴിവാക്കാനും, സ്റ്റേജിലേയ്ക്ക് റാമ്പ് നിർമ്മിക്കേണ്ടി വന്നതിനാലും, കോമ്പൗണ്ട് വാളിന്റെ പെയിന്റിംഗ് ചെയ്യേണ്ടതിനാലും എസ്റ്റിമേറ്റ് പുതുക്കാൻ 19.11.2018 ലെ ഭരണസമിതി തീരുമാനമെടുത്തു (317 നമ്പർ തീരുമാനം). ആയതിനടിസ്ഥാനപ്പെടുത്തി പ്രവൃത്തി നടത്തി. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അവ്യക്തതകൾ ചുവടെ കൊടുക്കുന്നു.

1. അളവു പുസ്തകം നമ്പർ 230/16-17 പേജ് 1 പ്രകാരം സെപ്റ്റിക് ടാങ്ക്, വേസ്റ്റ് വാട്ടർ ടാങ്ക് എന്നിവയ്ക്കായി മണ്ണെടുത്തിരിക്കുന്നത് താഴെ ചേർക്കുന്ന അളവിലാണ്.

| | |
|---|---|
| സെപ്റ്റിക് ടാങ്ക് | 4.1 x 2.3 x 1.95<br>= 18.39 ഘ.മീ |
| വേസ്റ്റ് വാട്ടർ ടാങ്ക് | 2.4 x 2.85 x 1.95<br>= 13.34 ഘ.മീ. |

ഇതിനു ശേഷം കുഴികളുടെ അടിത്തട്ടിൽ അതേ നീളത്തിലും വീതിയിലും 15സെ.മീ വീതം കനത്തിൽ ക്വാറിമക്ക് ഫില്ലിംഗും, 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റും ചെയ്തു. ഇതിനു മുകളിൽ നാലു സൈഡിലുമായി 60സെ.മീ ഉയരത്തിൽ ഡ്രൈറബിൾ മേസൻറിയും, 1.2 മീറ്റർ ഉയരത്തിൽ റാന്റം റബിൾ മേസൻറിയും നടത്തി. സെപ്റ്റിക് ടാങ്കിനായുള്ള കുഴിയിൽ റെഡിമെയ്ഡ് ടാങ്ക് വയ്ക്കുകയും, വേസ്റ്റ് വാട്ടറിനുള്ള കുഴി കോൺക്രീറ്റ് സ്ലാബ് ഉപയോഗിച്ച് മൂടുകയും ചെയ്തു. മുകളിൽ വിവരിച്ച അളവിൽ പ്രവർത്തികൾ ചെയ്താൽ തറ നിരപ്പിൽ നിന്നും 15 സെ.മീറ്റർ ഉയരത്തിൽ റാന്റം റബിൾ ഉയർന്നു നിൽക്കണം. എന്നാൽ അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 23.7.20 ന് ഓഡിറ്റ് ടീം പ്രസ്തുത പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചപ്പോൾ ഈ രണ്ടു ടാങ്കുകളും അടുത്തടുത്തായി സ്ഥിതിചെയ്യുന്നതായും, വേസ്റ്റ് വാട്ടർ ടാങ്ക് കോൺക്രീറ്റ് സ്ലാബിട്ടു മൂടിയ നിലയിലും, സെപ്റ്റിക് ടാങ്കിന്റെ മുകളിൽ ഇന്റർലോക്ക് ചെയ്ത നിലയിലും കണ്ടു. രണ്ടു പ്രവൃത്തികളും തറനിരപ്പിലാണുള്ളത്. മുകളിൽ വിവരിച്ച പ്രവൃത്തികൾ പ്രകാരം തറ നിരപ്പിൽ നിന്നും 15 സെ.മീ ഉയരത്തിൽ വരേണ്ട നിർമ്മിതി ഇത്തരത്തിൽ കുറഞ്ഞ അളവിൽ വന്നതിന് വ്യക്തതയില്ല.

2. വേസ്റ്റ് വാട്ടർ ടാങ്കിനുള്ള കുഴിയുടെ അടിയിൽ 15 വീതം കനത്തിൽ ക്വാറി മക്കും, കോൺക്രീറ്റും നൽകിയതെന്തിനെന്ന് വ്യക്തമല്ല. അഴുക്കു വെള്ളം മണ്ണിലേക്കുറിയിറങ്ങണമെങ്കിൽ അടിഭാഗം മണ്ണായിതന്നെ നിലനിർത്തേണ്ടതുണ്ട്. തൊട്ടടുത്തുള്ള സെപ്റ്റിക് ടാങ്കിന്റെ ഔട്ട് ലെറ്റും ഈ ടാങ്കിലേയ്ക്കാണ് നൽകിയിരിക്കുന്നതെന്ന് അസി.എഞ്ചിനീയർ അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ സ്കൂളിലെ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്ന വെള്ളവും, സെപ്റ്റിക് ടാങ്കിൽ നിന്നുള്ള ഔട്ട്പുട്ടും കൂടിയാൽ ഈ ടാങ്കിൽ നിന്നും വെള്ളം എങ്ങനെ മണ്ണിലേയ്ക്കിറങ്ങുമെന്ന് വ്യക്തമല്ല.

3. എസ്റ്റിമേറ്റ് പുതുക്കിയതിൽ എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തിയ റെഡിമെയ്ഡ് സെപ്റ്റിക് ടാങ്കിന്റെ ഡാറ്റാ പരിശോധിച്ചാൽ(51.19.ST4) ഈ ടാങ്ക് മണ്ണിലിറക്കി വയ്ക്കുന്നതിനുള്ള കുഴിയെടുക്കലും, ഇറക്കി വച്ചശേഷം ബാക്ക് ഫില്ലിംഗും

ഇതിലുൾപ്പെട്ടിട്ടുണ്ടെന്ന് കാണാം. എന്നിരിക്കെയാണ് ടാങ്ക് ഇറക്കി വയ്ക്കുന്നതിനുള്ള കുഴിയെടുക്കുന്നതിന് പ്രത്യേകം ഐറ്റം ഉൾപ്പെടുത്തി, അളവ് കാണിച്ചത്. ഇതെന്തിനെന്ന് വ്യക്തമല്ല.

4. സ്കൂളിനോട് ചേർന്ന് നിർമ്മിച്ച സ്റ്റേജിന്റെ മേൽക്കൂരയ്ക്കായി ഉപയോഗിച്ച റ്റ്യൂബുലാർസ്റ്റീലിന്റെ അളവ് എം.ബുക്ക് പേജ് 50, 51 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം 50mm ഡയമീറ്റർ ഉള്ള സ്റ്റീൽ 515.08 കി.ഗ്രാം അളവിലും, 40mm ഡയമീറ്റർ ഉള്ള സ്റ്റീൽ 83.67 കി.ഗ്രാം അളവിലും ചെയ്തിട്ടുണ്ട്. എന്നാൽ നേരിൽ പരിശോധനയിൽ ഉപയോഗിച്ചിരിക്കുന്നത് 8.3 മീറ്റർ നീളത്തിൽ നാല് 65 mm സ്റ്റീലും, ബാക്കി മുഴുവൻ 40mm സ്റ്റീലുമാണെന്ന് കണ്ടു. ഇത്തരത്തിൽ തെറ്റായ അളവ് എഴുതാനുണ്ടായ സാഹചര്യം വ്യക്തമല്ല.

മുകളിൽ വിവരിച്ച കാര്യങ്ങളിൽ വ്യക്തത ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രവൃത്തികളിൽ യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയളവുകൾ കണക്കാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, ആയതിനനുസരിച്ച് യഥാർത്ഥത്തിൽ ചെലവായ തുക കണക്കാക്കി, കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. അനർഹമായി നൽകിയ തുക കണക്കാക്കി ഈടാക്കുന്നതു വരെ ചെലവു തുക 863709/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-19 ബഡ്സ് സ്ക്കൂൾ നടത്തിപ്പ് - സ്പിൽഓവർ പദ്ധതിയിൽ നിന്ന് തൻ വർഷത്തെ ചെലവ് നടത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർ വൈസർ

പ്രൊജക്ട് - 156/18-19 (സ്പിൽ ഓവർ)

അടങ്കൽ - 186822

ചെലവ് - 78892- വികസന ഫണ്ട് (1/5.6.19,2/28.7.18,4/4.8.18.8/12.10.18)
107930- തനത് ഫണ്ട്

ബഡ്സ് സ്കൂൾ നടത്തിപ്പിനായുള്ള ഈ സ്പിൽ ഓവർ പദ്ധതിയിൽ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച 25700രൂപ 2018 മാർച്ച് മാസത്തിലെ ബഡ്സ് സ്കൂളിലെ ടീച്ചർമാരുടെയും ആയയുടെയും ശമ്പളത്തിനാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി മുഴുവൻ തുകയും അതായത് 161122 രൂപയും 2018 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ആഗസ്ത്

മാസങ്ങളിലെ ബഡ്സ്സ്കൂളിലെ ടീച്ചർമാരുടെയും ആയയുടെയും ശമ്പളത്തിനാണ് ചെലവഴിച്ചിട്ടുള്ളത്. 2018-19 വർഷത്തെ ചെലവ് വഹിക്കുന്നതിനാണ് ഈ സ്പിൽ ഓവർ പ്രൊജക്ടിൽ നിന്ന് പണം ചെലവഴിച്ചിട്ടുള്ളത്. 2018-19 വർഷത്തെ ബഡ്സ്സ്കൂൾ നടത്തിപ്പിന് മറ്റൊരു പ്രൊജക്ട് (129/18-19) ഉണ്ടെന്നിരിക്കെ സ്പിൽ ഓവർ പദ്ധതിയിൽ നിന്ന് തൻവർഷ ചെലവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-20 ഗുണഭോക്താക്കൾ ഇല്ലാത്ത പദ്ധതികൾ തയ്യാറാക്കി ഫണ്ട് പാഴാക്കുന്നു

2018-19 വർഷത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ നടപ്പിലാക്കിയിട്ടില്ല. ആവശ്യകതയില്ലാത്ത ഇത്തരം പദ്ധതികൾക്ക് ഫണ്ട് വകയിരുത്തി നടപ്പിലാക്കാതിരുന്നതിലൂടെ പഞ്ചായത്തിന് ഫണ്ട് നഷ്ടമാകുകയും നടപ്പിലാക്കേണ്ടിയിരുന്ന പദ്ധതികൾ നടപ്പാക്കാൻ സാധിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | വകയിരുത്തിയ തുക | റിമാർക്ക്സ് |
|---|---|---|
| 82/18-19<br>റിങ്ങ് കമ്പോസ്റ്റ് | 56250<br>(വികസന ഫണ്ട്) | ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാത്തതിനാൽ നടപ്പിലാക്കിയിട്ടില്ല |
| 130/18-19<br>കുടുംബശ്രീ തൊഴിൽ യൂണിറ്റ് | 200000<br>(വികസന ഫണ്ട്) | “ |
| 45/18-19<br>ഭിന്ന ശേഷിയുള്ളവർക്ക് പെട്ടിക്കട | 80000<br>(തനത് ഫണ്ട്) | “ |
| 153/18-19<br>കുടിവെള്ള കിണറിന് ആൾ മറ കെട്ടൽ | 54000<br>(തനത് ഫണ്ട്) | “ |
| | | |

| | | |
|---|---|---|
| 210/18-19<br>അഗതി ആശ്രയ പദ്ധതി | 200000 (വികസന ഫണ്ട്) | “ |

മേൽ പദ്ധതികളിലെല്ലാം അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭിക്കാത്തതിനാലാണ് പദ്ധതികൾ നടപ്പിലാക്കാതിരുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. ഇത് പദ്ധതി രൂപീകരണത്തിലുണ്ടായ വീഴ്ചയാണ് കാണിക്കുന്നത്. വർക്കി ങ്ങ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണ വേളയിൽ യഥാർത്ഥ സ്ഥിതി വിവര കണക്കിന്റെ അടിസ്ഥാനത്തില്ല പദ്ധതി തയ്യാറാക്കുന്നത് എന്ന് വ്യക്തമാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-21 പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി പദ്ധതി നടത്തിപ്പിലെ - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്റ്റ് - 163/18-19 (സ്പിൽ ഓവർ)

അടങ്കൽ - 400000

ചെലവ് - 200000- (വികസന ഫണ്ട് (എസ്.സി.പി)100000 – തനത് ഫണ്ട് – 100000)

14.02.18 ലെ ജി.ഒ(എം.എസ്) 22/18തസ്വഭവ നമ്പർ ഉത്തരവിലെ 7.2.17 ഖണ്ഡിക പ്രകാരം എസ്.സി വിഭാഗം വിദ്യാർഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിന് വീടിനോട് ചേർന്ന് ഒരു പഠന മുറി നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. മേൽ സർക്കാർ ഉത്തരവ് പ്രകാരം പഠന മുറി നൽകുന്ന ഗുണഭോക്താവിന് നിലവിലുള്ള 800 ചതുരശ്ര അടി വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിയ്ക്കാതെ പഠന മുറി അനുവദിയ്ക്കാവുന്നതാണ്. 2018-19 വർഷത്തിൽ ആനുകൂല്യം ലഭിച്ച ശ്രീ.സജീവ്.യു.പി (സോനു ), ശ്രീമതി.ഷീല.വി.കെ (കൃഷ്ണ) എന്നീ ഗുണഭോക്താക്കൾക്ക് ഈ നിബന്ധന പാലിച്ചാണോ ആനുകൂല്യം നൽകിയിട്ടുള്ളത് എന്ന് വ്യക്തമല്ല. പണി പൂർത്തീകരിച്ച മുറിയുടെ ഫോട്ടോ , പുതിയ

മുറിനിർമ്മിക്കുന്നതിനായി എടുത്ത പെർമിറ്റ് വീടിന്റെ പ്ലാൻ എന്നിവയുടെ പകർപ്പ്, പണിപൂർത്തിയാക്കിയ ശേഷം നികുതിനിർണയം നടത്തി നികുതി അടച്ചതിന്റെ രേഖ എന്നിവ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ പണി പൂർത്തിയാക്കി അവസാന ഗഡു നൽകുമ്പോൾ നികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

# 1-22 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല

1) നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി - എസ്.ഒ.1/18-19

ചെലവ് -600000 (വികസന ഫണ്ട്

ബിൽ നമ്പർ,തിയ്യതി 01/07.01.2019

മൃഗസംരക്ഷണ വകുപ്പ് ക്ഷീര സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി 2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി 600000 രൂപ മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായ 600000 രൂപയുൾപ്പെടെ യുള്ള 1200000 രൂപയിൽ 929036 രൂപ മാത്രമാണ് 17.07.2020 വരെ വിനിയോഗിച്ചിട്ടുള്ളത് (UC NO.A4/443/16, Dated, 17.07.2020). പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ബാക്കി 270964 രൂപ വിനിയോഗിച്ച് പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 600000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

2) സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിനു തുക കൈമാറിയിട്ടുണ്ട്. പദ്ധതിയ്ക്ക് തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതി | ചെലവ് വിവരം | റിമാർക്ക്സ് |
|---|---|---|
| എസ്.ഒ04/2018- | 300000 | ജില്ലാപഞ്ചായത്തിന് തുക കൈമാറി. |

| | | |
|---|---|---|
| 19<br>സ്നേഹസ്പർശം വിഹിതം നൽകൽ | തനത് ഫണ്ട്-100000 21.06.2018<br>200000-വികസന ഫണ്ട്<br>ബിൽ 8/30.06.18 | പദ്ധതിയ്ക്ക് തുക വിനിയോഗിച്ചതിന്റെ വിവരം ലഭിച്ചിട്ടില്ല. |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ വിനിയോഗം പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗവിവരം ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗവിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 300000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 പരാതികളിൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച പരാതിയിൽ പരാതിക്കാധാരമായ വസ്തുതകൾ ശരിയാണെന്ന് കണ്ടെത്തിയാൽ പ്രസിഡന്റ് തുടർ നടപടികൾ സ്വീകരിക്കാൻ അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തുന്നുണ്ടെങ്കിലും, ഇതിന്മേൽ സ്വീകരിച്ചു തുടർനടപടികൾ ഫയലിൽ നിന്നും വ്യക്തമല്ല. വിശദാംശം താഴെ കൊടുക്കുന്നു.

**<u>1)എരച്ചൻകാട് റോഡ് ടാറിങ്ങിലെ അപാകത</u>**

രത്നാകരൻ എന്ന കരാറുകാരൻ ചെയ്ത 2018-19 വർഷത്തെ പദ്ധതിയായ എരച്ചൻ കാട് -കാലത്തും കണ്ടി റോഡ് (SO059/19)(ബിൽ നം 21/18-19 തുക 220000) എൻജിനീയറിങ് വിങ്ങിന്റെ മേൽനോട്ടമില്ലാതെ നടത്തുകയും, ടാർ മതിയായ രീതിയിൽ ഉപയോഗിക്കാത്തത് കൊണ്ടും പൊളിഞ്ഞു പോകാൻ സാധ്യത ഉണ്ടെന്ന്

പ്രദേശവാസികൾക്ക് വേണ്ടി കെ കെ ദിനേശൻ ,ഷാജിത എന്നിവർ പരാതി നൽകിയിട്ടുണ്ട് (A4 8301/18 തിയതി 26-11-2018). 15. 1. 2019 ന് പരാതിക്കാരെ ഗ്രാമ പഞ്ചായത്തിലേക്ക് വിളിച്ച് പ്രസിഡന്റ് മുഖദാവിൽ പ്രശ്നം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപാകത ബോധ്യപ്പെട്ടതിനാൽ പരിഹരിക്കുന്നതിന് കോൺട്രാക്ടറോട് നിർദ്ദേശിച്ചു

**2)<u>കച്ചേരിക്കൽ -ചാമക്കുഴിറോഡ്</u>**

2016-17 വർഷം നടപ്പാക്കിയ മേൽ പദ്ധതിക്ക് 2 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട് തുടർന്ന് 26-11.2018ന് പ്രസ്തുത റോഡ്, ജയപാലൻ എന്നയാൾ ജെസിബി ഉപയോഗിച്ച് റോഡിന്റെ വലതു വശം 17.5 മീറ്റർ നീളത്തിൽ കെട്ടു പൊളിച്ചതായി, നാലാം വാർഡ് മെമ്പറുടെ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ ക്ലർക്ക് പരിശോധിച്ച് ശരിവെച്ചു.(ഫയൽ നം എ)4 9305/18- തിയതി 31-12-2018). അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ട് പ്രകാരം അത് പുനഃസ്ഥാപിക്കാൻ 46,000 രൂപ ചെലവ് വരുമെന്ന് ഫയലിൽ കാണുന്നു. പോലീസ്സ്റ്റേഷനിൽ വച്ച് നടന്ന ഒത്തുതീർപ്പിൽ കരിങ്കൽ കെട്ട് നിർമ്മിച്ച് നൽകുമെന്ന് ജയപാലൻ ഉറപ്പുനൽകി. തുടർന്ന് ജയപാലൻ പ്രവൃത്തി നടത്തുന്നത് പരിശോധിക്കാൻ അസി.എൻജിനീയറെ ചുമതലപ്പെടുത്തി

മേൽ രണ്ട് പ്രവൃത്തികളുടെ കാര്യത്തിലും പുനർനിർമ്മാണ ചുമതല, അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തിയതല്ലാതെ നിലവിലെ സ്ഥിതി, അവർ പ്രവൃത്തി പൂർത്തിയാക്കിയതു സംബന്ധിച്ച വിവരങ്ങൾ എന്നിവ അടങ്ങിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ഫയലിൽ ഇല്ല

ഇക്കാര്യം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതോടൊപ്പം അസിസ്റ്റന്റ്

എൻജിനീയർ സ്ഥലം പരിശോധിച്ച് പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്

## 1-24 ഹരിത കർമ്മസേന നിലവിലിരിക്കെ പഞ്ചായത്തിലെ വിവിധ ബസാറുകൾ ശുചീകരിച്ചതിന് വിവിധ ശുചിത്വകമ്മിറ്റികൾക്ക് തുക നൽകി

പഞ്ചായത്തിലെ വിവിധ ബസാറുകൾ 2017 ജനവരി മുതൽ 2018 ജൂൺ വരെയുള്ള കാലയളവിൽ ശുചീകരിച്ചതിന് ശുചിത്വ കമ്മിറ്റികൾക്ക് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | ശുചിത്വകമ്മിറ്റിയുടെ പേര് | ചെക്ക് നമ്പർ | തുക |
|---|---|---|---|
| 1 | പയിമ്പ്ര ശുചിത്വകമ്മിറ്റി | 21800495/29.08.2018 | 39525 |
| 2 | കുരുവട്ടൂർ ശുചിത്വകമ്മിറ്റി | 21800496/29.08.2018 | 71400 |
| 3 | പുല്ലാളൂർ ശുചിത്വകമ്മിറ്റി | 21800497/29.08.2018 | 37275 |
| 4 | ചെറുവറ്റ ശുചിത്വകമ്മിറ്റി | 21800498/29.08.2018 | 15150 |
| 5 | പറമ്പിൽ ബസാർ ശുചിത്വകമ്മിറ്റി | 21800499/29.08.2018 | 86100 |
| | ആകെ | | 2,49,450 |

മേൽ പരാമർശിച്ച പ്രകാരം വിവിധ ബസാറുകൾ ശുചീകരിച്ചതിന് വിവിധ ശുചിത്വകമ്മിറ്റികൾക്ക് 2,49,450/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ശുചീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി വരുന്നത് ഹരിത കർമ്മസേനയാണെന്നിരിക്കെ വിവിധ ശുചിത്വകമ്മിറ്റികൾക്ക് തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.10/2018-19 തീയതി 27.07.2020-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 2,49,450/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-25 എസ്.എസ്.എ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ 48/18-19

അടങ്കൽ - 1000000

ചെലവ് - 1000000

ബിൽ നമ്പർ, തിയ്യതി - 1/18-19/02.08.2018,)

പഞ്ചായത്തിൽ എസ്.എസ്.എ പദ്ധതിയുടെ നടത്തിപ്പിനായി 100000 രൂപ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ പ്രോഗ്രാം ഓഫീസർ 28.12 ലക്ഷം രൂപയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ തൻവർഷം 28.12 ലക്ഷം രൂപയുടെ പദ്ധതികൾ എസ്.എസ്.എ വഴി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഇതിലൊന്നും പഞ്ചായത്ത് സ്റ്റാന്റിങ്ങ് കമ്മറ്റി യാതൊരു ഇടപെടലുകളും നടത്തിയിട്ടില്ല. സ.ഉ (കൈ)11/2018/തസ്വഭവ /29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകരം എസ്.എസ്.എ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശസ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഈ പദ്ധതികളുടെ രൂപീകരണത്തിൽ ഗ്രാമപഞ്ചായത്ത് യാതൊരു ഇടപെടലും നടത്തിയിട്ടില്ല. വിദ്യാർഥികളുടെ പഠന നിലവാരം ഉയർത്തുക, സർഗ്ഗാത്മക ശേഷി വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക, ക്ലാസ് മുറികൾ ഉണ്ടാക്കുക തുടങ്ങിയ ആവശ്യങ്ങൾ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടെങ്കിലും അത്തരം പ്രൊജക്ടുകളൊന്നും എസ്.എസ്.എ യിൽ നടത്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 വെള്ളക്കരം - അധികം അടവാക്കിയ തുക ക്രമീകരിക്കുന്നതിനും കുടിശ്ശിക ,പലിശ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ 40 പൊതുടാപ്പുകൾക്ക് വാട്ടർ ചാർജ്ജിനത്തിൽ 210000/-രൂപ (ടാപ്പൊന്നിന് പ്രതിവർഷം 5250/-രൂപ നിരക്കിൽ) ഒടുക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസിൽ 42 പൊതു ടാപ്പുകൾക്ക് പ്രതിമാസം 18375/-രൂപയാണ് ഡിമാന്റ് ചെയ്തുവരുന്നത്. 4/2016 മുതൽ ഇപ്രകാരം തുക ഡിമാന്റ് ചെയ്തുവരുന്നുണ്ട്. 42 പൊതുടാപ്പുകൾക്ക് വാട്ടർചാർജ്ജ് കണക്കാക്കി കെ.ഡബ്ല്യൂ.എ ഡിമാന്റ് നോട്ടീസ് നൽകുന്നത് തുടരുകയും 40 ടാപ്പുകളുടെ വെള്ളക്കരം മാത്രം പഞ്ചായത്ത് ഒടുക്കുകയും ചെയ്തതിനാൽ 28.02.2019 ന് വാട്ടർചാർജ്ജിനത്തിൽ പിഴയടക്കം(897/-രൂപ) 65,003/-രൂപ കുടിശ്ശികയുള്ളതായി ബിൽ നം. 32738/02.03.2019 പ്രകാരം കാണുന്നു. 2017-18 വർഷവും ഈ അപാകത നിലനിന്നതിനാൽ കേരള വാട്ടർ അതോറിററിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നു. ഇതിനെ തുടർന്ന് പഞ്ചായത്ത് നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് കെ.ഡബ്യൂ.എ യ്ക്ക് കൈമാറുവാനും ഭരണസമിതി 29.09.2019 ലെ 276/19 പ്രകാരം തീരുമാനമെടുത്തു. (പരിശോധന റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയില്ല). ഈ ലിസ്റ്റ് കൈമാറിയതിനെ തുടർന്ന് കേരള വാട്ടർ അതോറിററി ഏക്സിക്യൂട്ടീവ് എൻജിനീയർ 22.07.2020-ന് പഞ്ചായത്തിന് നൽകിയ കത്തിൽ( നം.ഇഇ/കെകെഡി/എസ്.ടി/എ5-116-വാല്യം2) പഞ്ചായത്ത് നൽകിയ ലിസ്റ്റിൽ പ്രവർത്തനക്ഷമമായവ, പുന:സ്ഥാപിക്കേണ്ടവ, ഒഴിവാക്കേണ്ടവ എന്നിവയെക്കുറിച്ച് കൂടി പരാമർശിക്കുന്നതിനാൽ ബിൽ ചെയ്യുന്ന കാര്യത്തിൽ അവ്യക്തത സൃഷ്ടിക്കുന്നതിനാൽ പ്രവർത്തനക്ഷമമായ 39 ടാപ്പുകളുടെ ലിസ്റ്റ് തരണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ 40 ടാപ്പുകൾക്കുള്ള വെള്ളക്കരം അടച്ചുവരുന്നെണ്ടെന്നും പ്രവർത്തനക്ഷമമായ 39 ടാപ്പുകളുടെ ലിസ്റ്റ് കേരളവാട്ടർ അതോറിററിക്ക് ഉടൻ കൈമാറുമെന്നും ഇതു സംബന്ധിച്ച അന്വേഷണകുറിപ്പ് നം.09/2018-19-ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ സംയുക്ത പരിശോധന റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും നിലവിൽ പ്രവർത്തനക്ഷമമായ 39 ടാപ്പുകളുടെ ലിസ്റ്റ് കേരളവാട്ടർ അതോറിററിക്ക് ഉടൻ കൈമാറി 04/2016 മുതലുള്ള കുടിശ്ശിക ഒഴിവാക്കിത്തരുവാനും അധികമായി അടച്ചുവന്നുകൊണ്ടിരിക്കുന്ന ഒരു ടാപ്പിന്റെ വെള്ളക്കരം വരും മാസങ്ങളിലെ ബില്ലിൽ കുറവ് വരുത്തുന്നതിനും വേണ്ട അടിയന്തര നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ശമ്പളപരിഷ്ക്കരണ കുടിശ്ശിക നൽകി-ആനുപാതികമായ പെൻഷൻ

## കോൺട്രിബ്യൂഷൻ അടവാക്കിയില്ല-രേഖകൾ ലഭ്യമാക്കിയില്ല

2016ലെ ശമ്പള പരിഷ്കരണ പ്രകാരമുള്ള മൂന്നാമത്തേയും നാലാമത്തെയും ഗഡുക്കൾ 2018-19 വർഷം ജീവനക്കാർക്ക് നൽകിയിട്ടുണ്ടെങ്കിലും ആയതിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്ത് അടവാക്കിയില്ല. കൂടാതെ നൽകിയ കുടിശ്ശികയുടെ കൃത്യത പരിശോധിക്കുന്നതിനായി കുടിശ്ശിക കണക്കാക്കിയ സ്റ്റേറ്റ്മെന്റ്, സേവന പുസ്തകങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | ഗഡു | ചെലവിന്റെ വിശദാംശം |
|---|---|---|
| 1 | മൂന്നാം ഗഡു | വൗച്ചർ നം.21800361/19.07.2018-1,47,135/-<br>വൗച്ചർ നം.21800360/19.07.2018-21,869/- |
| 2 | നാലാം ഗഡു | വൗച്ചർ നം.21800705/27.10.2018-1,60,024/-<br>വൗച്ചർ നം.21800706/27.10.2018-16,484/-<br>വൗച്ചർ നം.21800721/01.11.2018-20,661/- |

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/2018-19 തീയതി 27.07.2020-ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-28 ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും മുഴുവൻ തുകയ്ക്കും സ്റ്റേഷനറി സാധങ്ങൾ ലഭിച്ചില്ല

2018-19 വർഷം വിവിധ ഫോമുകൾക്കും രജിസ്റ്ററുകൾ, രസീതുകൾ എന്നിവയ്ക്കുമായി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അടവാക്കിയ തുകയ്ക്കുള്ളവ പൂർണ്ണമായും ലഭിച്ചില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | വൗച്ചർ നമ്പർ/ തീയതി/തുക | ഇൻവോയ്സ് നം/ ലഭിച്ച സ്റ്റേഷനറി സാധങ്ങളുടെ വില (രൂപ) | ബാക്കി ലഭിക്കാനുള്ളത് (രൂപ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 21800114/ 09.05.018/86276 | PGT/GST/INV/059/ 2018-19 തീയതി 08.05.2018/ 46387 | 39889 |
| 2 | 21800315/ 06.7.2018/4337 | - | 4337 |
| 3 | 21800750/ 05.11.2018/7280 | - | 7280 |
| 4 | 21800849/ 04.12.2018/75090 | PGT/GST/INV/1416/ 2018-19 തീയതി.13.11.2018/ 38885 | 36205 |
| ആകെ | | | 87,711 |

മേൽ കണക്കാക്കിയ പ്രകാരം 87,711/- രൂപയ്ക്കുള്ള സ്റ്റേഷനറി സാധനങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഇനിയും ലഭിക്കാനുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 05/2018-19 തീയതി 27.07.2020-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 87,711/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 സ്വകാര്യ വ്യക്തിയുടെ തെങ്ങ് മുറിച്ച് മാറ്റിയതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു- തുക തിരികെ ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 238(1) പ്രകാരം ഏതെങ്കിലും

വൃക്ഷം അപകടമുണ്ടാക്കുന്നവെന്ന് പഞ്ചായത്ത് കരുതുന്ന പക്ഷം, ആയത് മുറിച്ച് മാറ്റുവാൻ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും സത്വര നടപടി ആവശ്യമാണെങ്കിൽ പഞ്ചായത്തിന് സ്വയമേ അത് നീക്കം ചെയ്യാവുന്നതും ആയതിന്റെ ചെലവ് വൃക്ഷത്തിന്റെ ഉടമസ്ഥനിൽ നിന്ന് ഈടാക്കേണ്ടതുമാണ്. ശ്രീ.ബാലൻ വേട്ടുപുരയ്ക്കൽ എന്നവരുടെ വീടിന് ഭീഷണിയായി നിന്നിരുന്ന ശ്രീ.ഭാസ്കരൻ വേട്ടുപുരയ്ക്കൽ എന്നവരുടെ രണ്ട് തെങ്ങുകൾ മുറിച്ച് മാറ്റിയതിന് തനത് ഫണ്ടിൽ നിന്നും 4500/- രൂപ ചെലവഴിച്ചു. (വൗച്ചർനം.21800582 തീയതി 19.09.2018). എന്നാൽ ഈ തുക തെങ്ങിന്റെ ഉടമയിൽ നിന്നും ഈടാക്കിയില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.11/2018-19 തീയതി 27.07.2020-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ തുക ഈ കാലയളവിലെ സെക്രട്ടറിയിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്.

# 3-2 കമ്മ്യൂണിറ്റി കളക്ഷൻ വിപുലീകരണം - പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ അപാകത കാരണം അധിക ചെലവ്

നിർവ്വഹണം : അസി.എഞ്ചിനീയർ

അടങ്കൽ : 200000/-സംസ്ഥാനാവിഷ്കൃതഫണ്ട്

ചെലവ് : 200000/-

പറമ്പിൽ ബസാറിലുള്ള കമ്മ്യൂണിറ്റി കളക്ഷൻ സെന്റർ വിപുലീകരിക്കുന്നതിനാണ് ഈ പ്രോജക്ട്. നിലവിലുള്ള നിർമ്മിതിയുടെ മേൽക്കൂരയുടെ കുറച്ചു ഭാഗം പൊളിച്ചു മാറ്റുന്നതും, ഫൗണ്ടേഷനും ബേയ്സ്മെന്റും നിർമ്മിച്ച് ചുറ്റും ജി.ഐ.ചെയിൻ ലിങ്ക് ഫാബ്രിക് ഫെൻസിംഗ് ചെയ്യുന്നതിനുമാണ് പദ്ധതി. ഇതു പ്രകാരം ടെണ്ടർ ചെയ്ത് പ്രവർത്തി നടത്തി. അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം 23.7.20 ന് നിർമ്മാണം നേരിൽ പരിശോധിച്ചപ്പോൾ താഴെ ചേർക്കുന്ന കാര്യങ്ങൾ ബോധ്യപ്പെടുകയുണ്ടായി.

- പറമ്പിൽ ബസാർ ബസ് സ്റ്റാന്റിൽ ആണ് ഈ നിർമ്മിതിയുള്ളത്. ആദ്യമുണ്ടായിരുന്ന നിർമ്മിതിയുടെ പല നിർമ്മാണങ്ങളും നീക്കം ചെയ്യാതെ ഇപ്പോഴും നിലനിൽക്കുന്നു. (പുതിയ നിർമ്മിതിയ്ക്ക് ഉപയോഗമില്ലാത്തവ)
- എസ്റ്റിമേറ്റിൽ ഫാബ്രിക് ഫെൻസിങ്ങിനായി ഉൾപ്പെടുത്തിയ ഐറ്റം 16.70.2 ആണ്. ഇതു പ്രകാരം വിവിധ വർണ്ണത്തിലുള്ള 5mm വരെ കനമുള്ള പി.വി,സി.

കോട്ടഡ് ജി.ഐ. വയർ ഉപയോഗിച്ചുള്ള ചെയിൻ ലിങ്കാണ് ചെയ്യേണ്ടത്. എന്നാൽ യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നത് 16.70.1 പ്രകാരമുള്ള പി.വി.സി കോട്ട് ഇല്ലാത്തയിനം ചെയിൻ ലിങ്കാണ്.

- അളവ് പുസ്തകം നമ്പർ 123/18-19 പേജ് 4, 5എന്നിവ പ്രകാരം ആകെ 64 ച.മീ. മേൽക്കൂരയുടെ ഷീറ്റും, 266.3കി.ഗ്രാം സ്റ്റീലും ഡിസ്മാന്റിൽ ചെയ്തിട്ടുണ്ട്. ഈ അളവ് സ്റ്റാക്ക് ചെയ്തതായി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 5 ച.മീ. ഷീറ്റ് പുതിയ നിർമ്മിതിയ്ക്ക് ഉപയോഗിച്ചതായി കാണിച്ച് ആകെ അളവിൽ കുറവ് വരുത്തിയിട്ടുണ്ട്. സ്റ്റീൽ പുതിയ നിർമ്മാണത്തിൽ ഉപയോഗിച്ചിട്ടില്ല. എന്നാൽ ഈ സ്റ്റീലിന്റെ സ്റ്റാക്ക് പരിശോധനയിൽ കണ്ടില്ല.
- എസ്റ്റിമേറ്റ് പ്രകാരം മേൽക്കൂരക്കായുള്ള സ്റ്റീൽ പ്രവൃത്തിയ്ക്ക് റെക്ടാൻഗുലാർ/സ്ക്വയർ ആകൃതിയിലുള്ള റ്റ്യൂബുലാർ പൈപ്പുകളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പർലിനായി ഉപയോഗിച്ച 6 പൈപ്പുകൾ മാത്രമാണ് സ്ക്വയർ ആകൃതിയിലുള്ളത്. ബാക്കിയുള്ളവ വൃത്താകൃതിയിലുള്ളതാണ്. 65mm വരുന്ന രണ്ടു പൈപ്പുകൾ പോസ്റ്റിനായി ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഒരെണ്ണത്തിന്റെ അളവു മാത്രമേ എം.ബുക്കിലുള്ളൂ. 50mm ഡയമീറ്ററിലുള്ള സ്റ്റീൽ പൈപ്പിന്റെ അളവു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ നിർമ്മാണത്തിനു പയോഗിച്ചിട്ടില്ല. കൂടാതെ 75mmx25mm അളവിലുള്ള സ്റ്റീൽ റെക്ടാൻഗുലാർ പൈപ്പ് ഉപയോഗിച്ചതായി രേഖപ്പടുത്തിയിട്ടുണ്ടെങ്കിലും, ഇവ പഴയ നിർമ്മിതിയുടെ ശേഷിപ്പുകളാണെന്ന് കാണാം. ഈ സ്റ്റീലുകൾ ഇപ്പോഴത്തെ നിർമ്മിതിയിൽ യാതൊരു പങ്കും വഹിക്കുന്നില്ലെന്നും വ്യക്തമാണ്. അതുകൊണ്ടു തന്നെ ഇവ പഴയ നിർമ്മിതിയാണെന്ന് അനുമാനിക്കാം.

പഴയനിർമ്മിതി സംബന്ധിച്ച് ആരാഞ്ഞതിൽ ഇത് 2017-18 വർഷത്തിൽ നിർമ്മിച്ചതാണെന്ന് വ്യക്തമായി. പ്രോജക്ട് നമ്പർ 264/18 പ്രകാരം 130000/- രൂപ വീതം തനതുഫണ്ടും, സംസ്ഥാനാവിഷ്കൃത ഫണ്ടും ഉപയോഗപ്പെടുത്തി 260000/- രൂപ അടങ്കലിൽ വിഭാവനം ചെയ്ത് 246047/- രൂപ ചെലവഴിച്ച് നിർമ്മിച്ചതാണിത്. ഈ നിർമ്മാണം പൂർത്തീകരിച്ചതിനു പിന്നാലെ അസൗകര്യങ്ങൾ കാണിച്ച് പൊളിച്ചു മാറ്റുന്നതിനും, സ്ഥലം കൂട്ടിയെടുക്കുന്നതിനും തൊട്ടടുത്ത വർഷത്തിൽ പദ്ധതിയാക്കിയത്. മുൻവർഷം ചെലവഴിച്ച തുകയിൽ ഭൂരിഭാഗവും ഇതു കാരണം പാഴ്ചെലവായി. ഈ പ്രോജക്ടിന്റെ അളവു പുസ്തകം നമ്പർ 255/16-17 ലെ പേജ് 9, 10 എന്നിവ പ്രകാരം കളക്ഷൻ റൂം, സെഗ്രീഗേഷൻ റൂം എന്നിവയ്ക്കുള്ള പോസ്റ്റ്, വാൾ പ്ലേറ്റ് എന്നിവയ്ക്കായി 75mmx25mm അളവിലുള്ള സ്റ്റീൽ 196.5 കി.ഗ്രാം ഉപയോഗിച്ചതായി കാണാം. ഈ സ്റ്റീലിന്റെ അളവാണ് മുകളിൽ വിവരിച്ച പ്രകാരം പുതിയ

നിർമ്മിതിയുടെ ഭാഗമായി വീണ്ടും അളവു പുസ്തകത്തിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാകുന്നു.(പേജ് 8, 9കാണുക)

മുകളിൽ വിവരിച്ച രീതിയിൽ നിർമ്മിച്ച് ഒരു വർഷത്തിനകം പൊളിച്ച് പുതിയത് നിർമ്മിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. കൂടാതെ തെറ്റായി അളവുകൾ രേഖപ്പെടുത്തിയതും, ചെയ്യാത്ത ഇനത്തിന്റെ (ഫെൻസിംഗ്) നിരക്കിൽ അധികതുക അനുവദിച്ചതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

മുകളിൽ വിവരിച്ച രീതിയിൽ 49.14ച.മീറ്ററിൽ ഫാബ്രിക് ഫെൻസിങ്ങ് നടത്തിയതിന് 816.16 രൂപ നിരക്കിൽ 40106/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരന് യഥാർത്ഥത്തിൽ അർഹമായത് ഐറ്റം 16.70.1 പ്രകാരമുള്ള പി.വി.സി കോട്ട് ഇല്ലാത്തയിനം ചെയിൻ ലിങ്കിന്റെ വിലയായ 770.93/- രൂപ നിരക്കിൽ 37883.5/-രൂപയാണ്. ഈയിനത്തിൽ 2223 രൂപ കരാറുകാരന് അധികം നൽകി. കൂടാതെ പഴയ നിർമ്മിതിയുടെ ഭാഗമായതും, പുതിയ നിർമ്മിതിയിൽ യാതൊരു പങ്കും വഹിക്കാത്ത 75mmx25mm അളവിലുള്ള സ്റ്റീൽ, 196.5 കി.ഗ്രാം ഉപയോഗിച്ചതായാണ് എം.ബുക്ക് 123/18-19 പേജ് 8, 9 എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സ്റ്റീലിന്റെ വിലയായ 23181/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുകയും കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഈ വിധത്തിൽ കരാറുകാരന് അധികം നൽകിയ ആകെ 25404/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതും, യഥാർത്ഥത്തിൽ ഉപയോഗിച്ച സ്റ്റീലിന്റെ അളവുകൾ കൃത്യമായി രേഖപ്പെടുത്തി തുക കണക്കാക്കി അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

# 3-3 ഇക്കോഷോപ്പ് നിർമ്മാണത്തിലെ അപാകതകൾ

നിർവ്വഹണം: അസി.എഞ്ചിനീയർ

അടങ്കൽ : 325292/- ധനകാര്യകമ്മീഷൻ ഗ്രാന്റ് - 285292/-

തനതുഫണ്ട് - 40000/-

ചെലവ് : 285292/- ബിൽ നമ്പർ 22/18-19/24.11.18

2018-19 വർഷത്തിൽ നിർമ്മാണം നടത്തിയ ഇക്കോഷോപ്പ് നേരിൽ പരിശോധിച്ചതിലും, ബന്ധപ്പെട്ട ഫയലിലും താഴെ ചേർക്കുന്ന അപാകതകൾ

ശ്രദ്ധയിൽപ്പെട്ടു.

- ടെണ്ടർ നടത്തി പ്രവൃത്തി ഏൽപ്പിച്ച കരാറുകാരനുമായി 14.6.2018 ലെ എ.ഇ./2/18-19 നമ്പർ പ്രകാരമാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. അളവു പുസ്തകം നമ്പർ 163/16-17 പരിശോധിച്ചാൽ അതേ ദിവസം തന്നെ ഒന്നാമത്തെ ഇനം പ്രവൃത്തിയുടെ (മണ്ണിന്റെ എസ്കവേഷൻ)അളവ് അസി.എഞ്ചിനീയർ മെഷർ ചെയ്ത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നും കരാറിലേർപ്പെടുന്നതിനു മുമ്പേ പ്രവർത്തികൾ ആരംഭിച്ചതായി അനുമാനിക്കാം.

- എം.ബുക്ക് പേജ് 12 പ്രകാരം ട്രസ് വർക്കിനായി ഉപയോഗിച്ച സ്റ്റീലിന്റെ അളവിൽ 2.2മീ., 2.8മീ. വീതം നീളമുള്ള 6 കോമ്മൺ റാഫ്റ്റർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി നേരിൽ പരിശോധിച്ചപ്പോൾ മേൽ അളവിനുള്ള നാലു റാഫ്റ്ററുകളാണ് നിർമ്മാണത്തിനു പയോഗിച്ചിട്ടുള്ളതെന്ന് കണ്ടു. ഇതു പ്രകാരം 35 കി.ഗ്രാം സ്റ്റീലിന്റെ അളവ് കൂടുതലായി രേഖപ്പെടുത്തിയിട്ടുണ്ട്.

അതായത്,

2 X 2.2 X 3.5 = 15.4

2 X 2.8 X 3.5 = 19.6

35കി.ഗ്രാം

അളവു പുസ്തകം 48/18-19പേജ് 11 ൽ ആകെ 305.77 കി.ഗ്രാം സ്റ്റീൽ ഉപയോഗിച്ചതിന് 123.87/- രൂപ നിരക്കിൽ 37875.72/- രൂപ നൽകിയതിൽ 4335.45 രൂപ ചെയ്യാത്ത പ്രവൃത്തിയ്ക്കാണ് നൽകിയതെന്ന് വ്യക്തമാണ്. തെറ്റായി അളവു രേഖപ്പെടുത്തി തുക നൽകാനുണ്ടായ സാഹചര്യവും, മുകളിൽ വിവരിച്ച രീതിയിൽ കരാറിലേർപ്പെടുന്നതിനു മുമ്പേ പ്രവൃത്തി ആരംഭിക്കാനുണ്ടായ സാഹചര്യവും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും, കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 01-08-2019- 02-08-2019 | നമ്പർ.കെ.എസ്.എ.കെ.കെ.ഡി. ഇ2/887/19(35 ) തി. 05-08-19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 10000 | മിൽക്ക് സബ്സിഡി | 100000 | 0 |
| | | 26603 | ലൈഫ് ഭവന നിർമാണം-എസ് സി | 266053 | 0 |
| | | 1015672 | ലൈഫ് ഭവന നിർമാണം-ജനറൽ | 1015672 | 0 |
| | | 350000 | മാനസിക | 314870 | 35130 |

| | | | | | |
|---|---|---|---|---|---|
| | | | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | | 900000 | ബഡ്സ് പുനരുദ്ധാരണം | 863709 | 36291 |
| | | 350000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 350000 | 0 |
| | | 300000 | മിൽക്ക് സബ്സിഡി | 300000 | 0 |
| | | 988225 | ലൈഫ് ഭവന നിർമാണം-ജനറൽ | 988225 | 0 |
| | | 500000 | ഉണ്ണിപ്പറമ്പത്ത് മീത്തൽ കോളനി റോഡ് | 0 | 500000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7500 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 7500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1. | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയുടെ ഷെയർ നം.2987 | ലഭ്യമല്ല | ലഭ്യമല്ല | 2500 | |
| 2. | കരിപ്പൂർ വിമാനത്താവളം പലിശ രഹിത നിക്ഷേപം | ലഭ്യമല്ല | ലഭ്യമല്ല | 5000 | |
| ആകെ | | | | 7500 | |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | സ.ഉ.(എം.എസ്.) 533/10/ 18.2.2010 | 12325000 | 1579790 | 600000 | __ | 979790 |
| ലൈഫ് | ജി.ഒ. എം എസ് നം 68/2018 ത.സ്വ ഭ വ തിയതി 18-05-2018 | 7302580 | ഇല്ല | 0 | 0 | 7302580 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 30 (a) | 2003-04 | 11.13.21 | നികുതി പിരിവിൽ | |

| | | | | | |
|---|---|---|---|---|---|
| | | (പൊതു പരാമർശം) | | അലംഭാവം | |
| 1999-2000 | | 2003-04 | 11.14 | മണൽ ലേലം ക്രമക്കേട് | |
| 2000-01 | | 2004-05 (പൊതു പരാമർശം | 11.13.10 | നികുതി പിരിവിൽ അലംഭാവം | |
| 2001-02 | | 2004-05 | 11.13.50 | നികുതി പിരിവിൽ അലംഭാവം | |
| 2002-03 | 3-2 | 2006-07 (പൊതു പരാമർശം) | 3.79.5.12 | വാട്ടർ ചാർജ്ജ് | |
| 2002-03 | 3-5 | 2006-07 (പൊതു പരാമർശം) | 3.79.6.12 | മണൽവിൽപ്പന | |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| | 81249531 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76236193 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34239 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,75,466 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4500 | എൻ.ആർ.രാധിക, സെക്രട്ടറി |
| 3-2 | | 25404 | ഷീജ.സി, അസിസ്റ്റന്റ് എൻജിനീയർ |
| 3-3 | | 4335 | ഷീജ.സി, അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 174596 | ഷീജ.സി, അസിസ്റ്റന്റ് എൻജിനീയർ |
| 1-18 | 863709 | ഷീജ.സി, അസിസ്റ്റന്റ് എൻജിനീയർ |
| 1-21 | 200000 | നിഷാന്ത്.ആർ, അസി സെക്രട്ടറി |
| 1-22-1 | 600000 | ഡോ.ജസ്സി.വി, വെറ്ററിനറി സർജൻ |
| 1-22-2 | 300000 | എൻ.ആർ രാധിക, സെക്രട്ടറി |
| 1-24 | 249450 | എൻ.ആർ രാധിക, സെക്രട്ടറി |
| 1-28 | 87,711 | എൻ.ആർ രാധിക, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ ആർ രാധിക<br>സെക്രട്ടറി | സെക്രട്ടറി<br>കുരുവട്ടൂർ<br>ഗ്രാമപഞ്ചായത്ത് | കുളങ്ങരക്കുടി വീട്,<br>സുജന വില്ല,<br>തിരുവണ്ണൂർ നട,<br>കോഴിക്കോട്-29 |
| ഷീജ.സി,<br>അസിസ്റ്റന്റ്<br>എൻജിനീയർ | അസിസ്റ്റന്റ്<br>എൻജിനീയർ,<br>കുരുവട്ടൂർ | നപുരം, അരിയാട്ട്, തലക്കുളത്തൂർ,<br>കോഴിക്കോട് |
| നിഷാന്ത് ആർ,<br>അസി സെക്രട്ടറി | അസി സെക്രട്ടറി,<br>കുരുവട്ടൂർ | ഫ്ലോറിയേറ്റ്,<br>എ കെ വി കെ റോഡ്, കോവൂർ,<br>ചേവായൂർ കോഴിക്കോട് |
| ഡോ.ജസ്സി.വി<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>കുരുവട്ടൂർ | കിഴക്കയിൽ,<br>നൻമണ്ട പി ഒ, കോഴിക്കോട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ്

# റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1993-94 | എൽ.എഫ്.കെ.കെ.ഡി/എ5/ 1810/18 | 12 |
| 1994-95 | എൽ.എഫ്.കെ.കെ.ഡി/പി3/ 2079/13/ 22.4.14 | 19 (1) (3) |
| 1995-96 | കെ.എസ്.എ.കെ.കെ.ഡി/ പി3/ 901/18/ 21.06.19 | 18 |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി/പി3/ 82/14/22.4.14 | 27(1), 27(2), 29, 30(എ), 31, 35,36, 38, 39, 40, 41, 42, 43 |
| 2000-2001 | Plan.കെ.എസ്.എ.കെ.കെ.ഡി/ പി3/ 901/18(6) /21.06.19 | 6 |
| 2000-2001 | കെ.എസ്.എ.കെ.കെ.ഡി/ പി3/ 901/18(6) /21.06.19 | 3, 4, 5, 6 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി3/ 1533/09(13) തീയതി 07.06.2011 | 3-2, 3-5 |
| 2003-2004 | കെ.എസ്.എ.കെ.കെ.ഡി/ പി3/ 901/18/ 21.06.19 | 3-2, 3-4, 3-5, 3-7, 3-8, 3-9, 3-1, 3-12, 3-13, 3-14 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി3/ 1533/09(14) തീയതി 07.06.2011 | 3-3, 3-7, |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി3/ 1533/09(15) തീയതി 07.06.2011 | 2-3, 3-2, 3-4,3-7, 3-8, 3-11 |
| 2006-07 | | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി3/ 1271/2011 തീയതി 05.07.2012 | 2-1,2-6(1), 2-8(3), 3-1, 3-4, 3-7, 3-8, 3-10, 3-12, 3-13, 3-14, 3-15, 3-17 3-18, 3-20, 3-21 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി3/660/ 2012 തീയതി 22.06.2012 | 1-1, 1-6, 2-2, 3-1, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-11, 4-3, 4-6, 4-7 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി3/ 2704/18 തീയതി 13.08.19 | 2-2, 3-4, 3-6, 3-8, 3-9, 3-10,3-16, 3-17, 3-19, 3-20, 3-21 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി/ പി3/54/14 തീയതി | 1-5, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15 |

| | | |
|---|---|---|
| | 02.05.2014 | |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി./ പി3/ 1458/15/9.10.15 | 1-1, 1-2, 1-3, 1-6, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 4-1 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി3/ 1163/16/28.7.17 | 2-1-1, 2-1-2, 2-1-3, 2-1-4, 2-1-5,2-1-6, 2-3-1,2-3-2, 2-4,2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10,3-11, 3-12, 4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./ പി3/ 1942/17/3.1.18 | 2-1, 2-2, 2-3,2-4,2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4-1, 3-4-2, 3-6, 3-7, 3-8, 3-9,3-11, 3-12, 3-13, 3-14,3-15, 3-16, 4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./ പി3/ 1749/2018 തീയതി 06.10.2018 | 2-1-1,2-1-2, 2-1-3, 2-1-4, 2-1-6, 2-2, 2-3, 2-5, 2-6, 2-7, 2-8, 3-2, 3-4, 3-6, 3-7, 3-8, 3-10, 4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./ പി3/ 1473/19 തീ.23.06.20 | 1-12, 2-2, 2-3, 2-4, 3-1, 3-4, 3-5, 3-6, 3-8, 3-10, 3-11, 3-13, 3-14, 3-15, 3-16, 3-18, 3-19, 3-23, 3-25 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

# അനുബന്ധം

ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.3/781/2020 തീയതി 11.09.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്കാര്യാലയം,

കോഴിക്കോട്